# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നടുവില് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.13/951/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 29/10/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടുവില് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നടുവില് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടുവില് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-7-1,1-14,1-16,1-42,2-1,3-1,3-2,3-3 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.13/951/21 തീയ്യതി: 29/10/2021

## കണ്ണൂർ ജില്ലയിലെ നടുവില് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ നടുവില് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 04-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയരക്ടർ | 12-08-2021 | 26-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2021 | 26-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ് ബാബു. കെ.വി., ഓഡിറ്റ് ഓഫീസർ, ഹ.ഗ്രേ.
ശ്രീമതി റീനപിട്ടൻ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി സബിത കെ., ഓഡിറ്റർ
ശ്രീമതി ധന്യ എം.വി., ഓഡിറ്റർ
ശ്രീമതി അനുഅബ്രഹാം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു ബാലൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.ബേബി ഓടംപള്ളിൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.കെ.ദിനേശൻ | സെക്രട്ടറി | 01-04-2020 | 11-03-2021 |
| ശ്രീ.അശോകൻ.എം.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-03-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽകുമാർ.പി.പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.ഡിക്സൺ ദേവസി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.രാജീവ്.സി.കെ | വി.ഇ.ഒ,നടുവിൽ | 01-04-2020 | 31-03-2021 |
| ശ്രീ.അജീഷ്.എം.പി | വി.ഇ.ഒ,വെള്ളാട് | 01-04-2020 | 31-03-2021 |
| ശ്രീമതി.രോഷ്നി ഊരാളക്കണ്ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ:മോഹനൻ.കെ.സി | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ:ലീന.എം.വി | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ:മനു ശങ്കർ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.മേരി.കെ.വി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ദീപ ജോസ് | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ചിത്രൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 30-06-2020 |
| ശ്രീ.സജി സെബാസ്റ്റ്യൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2020 | 13-07-2020 |
| ശ്രീ.അശോകൻ.എം.എം | അസിസ്റ്റന്റ് സെക്രട്ടറി | 14-07-2020 | 31-03-2021 |

12-11-2020 മുതൽ 20-12-2020 വരെ ഭരണ നിർവ്വഹണ കമ്മിറ്റിയാണ് ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന ചുമതലകൾ നിർവ്വഹിച്ചത്. ഭരണ നിർവ്വഹണ കമ്മിറ്റിയിലെ അംഗങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു. 1. ശ്രീ. കെ. ദിനേശൻ, സെക്രട്ടറി 2. ശ്രീ.ഡിക്സൺ ദേവസി, കൃഷി ഓഫീസർ 3.

ശ്രീ.അനിൽകുമാർ.പി.പി, അസിസ്റ്റന്റ് എൻജിനീയർ 21.12.2020 മുതൽ പുതിയ ഭരണ സമിതി അധികാരമേൽക്കുകയും 30.12.2020 തീയ്യതിയിൽ പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുകയുമുണ്ടായി.

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-1 |
| 2 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-1-1 |
| 3 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: Reena Pittan (Asst. Audit Officer, On 27-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-2 |
| 5 | നീക്കിയിരിപ്പ് തുകകൾ വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 27-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: Reena Pittan (Asst. Audit Officer, On 27-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-5 |
| 9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Sabitha.K (Auditor, On 26-08-2021)<br>Last Updated By: Suresh Babu KV (Audit Officer, On 30-08-2021) | 1-7 |
| 11 | പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നില്ല<br>Written By: Sabitha.K (Auditor, On 26-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-7-1 |
| 12 | ക്യാഷ് പരിശോധന<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Suresh Babu KV (Audit Officer, On 28-08-2021) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-10 |
| 15 | മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തു നികുതി നിർണ്ണയത്തിനുള്ള ഏരിയ കണക്കാക്കിയതിലെ പിഴവ് -163848/- രൂപയുടെ നഷ്ടം<br>Written By: Sabitha.K (Auditor, On 27-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-11 |

| | | |
|---|---|---|
| 16 | തൊഴിൽ നികുതി ചുമത്തുന്നതിലെ അപാകങ്ങൾ<br>Written By: Sabitha.K (Auditor, On 26-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-12 |
| 17 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്-₹483 വരവു നഷ്ടം<br>Written By: Anu Abraham (Auditor, On 27-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-13 |
| 18 | ഒ എഫ് സി ഇൻസ്റ്റലേഷൻ -റെസ്റ്റോറേഷൻ ചെയ്യേണ്ട റോഡിന്റെ നീളം കണക്കാക്കിയതിലെ അപാകത-2,96,876/- രൂപയുടെ വരുമാനനഷ്ടം.<br>Written By: Anu Abraham (Auditor, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-14 |
| 19 | ഇ ടെണ്ടർ- ടെണ്ടർ ഫീ ക്ലെയിം ചെയ്യുന്നതിന് നടപടികളില്ല.ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ കിടക്കുന്നു.<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-15 |
| 20 | പാലക്കയം തട്ട് ടൂറിസം പ്രദേശത്തെ സ്ഥാപനങ്ങൾ പി പി ആർ ആക്ട് പ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല<br>Written By: Anu Abraham (Auditor, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-16 |
| 21 | സ്ട്രീറ്റ് ലൈൻ വലിക്കൽ- പദ്ധതി പൂർത്തികരിച്ചത് - രേഖകൾ ഹാജരാക്കിയില്ല.887318 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Reena Pittan (Asst. Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-17 |
| 22 | സ്ട്രീറ്റ് ലൈൻ വലിച്ച സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - 394589തടസ്സപ്പെടുത്തുന്നു<br>Written By: Reena Pittan (Asst. Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-18 |
| 23 | കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കൽ- ചെലവ് രേഖകൾ ഹാജരാക്കിയില്ല.6,98,293 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Reena Pittan (Asst. Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-19 |
| 24 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല. 2,23,342 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Reena Pittan (Asst. Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-20 |
| 25 | വിവിധ ഓഫീസുകളിലേക്ക് ഫർണിച്ചർ വാങ്ങൽ- രേഖകൾ ഹാജരാക്കിയില്ല.60,000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Reena Pittan (Asst. Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-21 |
| 26 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Reena Pittan (Asst. Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-22 |
| 27 | ജലജീവൻ - കേരള വാട്ടർ അതോറിറ്റിക്ക് പഞ്ചായത്ത് വിഹിതം നൽകൽ -രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-23 |
| 28 | 100% നികുതി പിരിവ് ലക്ഷ്യം കൈവരിച്ചതിനുള്ള | 1-24 |

| | | |
|---|---|---|
| | പാരിതോഷികം-അടിസ്ഥാന ശമ്പളം നികുതി പിരിവിന്റെ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ വീതിച്ചില്ല.<br>Written By: Anu Abraham (Auditor, On 27-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | |
| 29 | വെള്ളക്കരം-പ്രവർത്തന ക്ഷമമായ ടാപ്പുകൾക്ക് മാത്രമാണ് വെള്ളക്കരം ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Anu Abraham (Auditor, On 27-08-2021)<br>Last Updated By: Baburaj (Audit Officer, On 30-08-2021) | 1-25 |
| 30 | പത്തിമുണ്ട-തോട്ടപ്പള്ളി കവല റോഡ് ടാറിംഗ്-5ലക്ഷം രൂപ അഡ്വാൻസ് വാങ്ങി 6 വർഷം കഴിഞ്ഞിട്ടുംപ്രവൃത്തി പൂർത്തീകരിച്ചില്ല.പട്ടികവർഗ്ഗവികസനവകുപ്പ് അനുവദിച്ച തുക തിരിച്ചടക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചില്ല.<br>Written By: Reena Pittan (Asst. Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-26 |
| 31 | ഓൺലൈൻ വിദ്യാസഹായി സ്കീം- 56 ടി വി സെറ്റുകൾ വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് അനുവദിച്ച 560000 വിനിയോഗിക്കാതെ കിടക്കുന്നു.<br>Written By: Reena Pittan (Asst. Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-27 |
| 32 | ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Dhanya.M.V (Auditor, On 27-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-28 |
| 33 | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ നൽകൽ-അപാകങ്ങൾ-₹14,400 തടസ്സപ്പെടുത്തുന്നു<br>Written By: Anu Abraham (Auditor, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-29 |
| 34 | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ(എസ്.ടി.)-വിതരണത്തിനായി ലഭ്യമാക്കിയ കട്ടിലുകളുടെ സ്പെസിഫിക്കേഷനുകൾ ഉറപ്പുവരുത്തിയിട്ടില്ല.<br>Written By: Anu Abraham (Auditor, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-30 |
| 35 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം-ലാപ്ടോപുകൾ ലഭ്യമായിട്ടില്ല-₹2,45,061 തടസ്സപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-31 |
| 36 | പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ- 22315/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.<br>Written By: Dhanya.M.V (Auditor, On 27-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-32 |
| 37 | സാന്ത്വന പരിചരണം - ₹178167 യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Dhanya.M.V (Auditor, On 27-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-33 |
| 38 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -217809 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Dhanya.M.V (Auditor, On 27-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-34 |
| 39 | പാലിയേറ്റീവ് പരിചരണം:- ഗുണഭോക്തൃലിസ്റ്റ് വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല<br>Written By: Dhanya.M.V (Auditor, On 27-08-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-08-2021) | 1-35 |
| 40 | | 1-36 |

| | | |
|---|---|---|
| | വയോജനങ്ങൾക്ക് കട്ടിൽ വിതരണം(ജനറൽ)- അപാകങ്ങൾ<br>Written By: Dhanya.M.V (Auditor, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 31-08-2021) | |
| 41 | ഭിന്ന ശേഷി ഉള്ളവർക്ക് പെട്ടിക്കട- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.<br>Written By: Reena Pittan (Asst. Audit Officer, On 28-08-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-08-2021) | 1-37 |
| 42 | സാധനം/സേവനം സമാഹരിക്കുന്നതിനുള്ള പ്രൊജക്ട്-ലിമിറ്റഡ് ടെണ്ടറിനു പകരം ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചു<br>Written By: Anu Abraham (Auditor, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-38 |
| 43 | തുരുമ്പി മഞ്ഞുമല റോഡ് ടാറിംഗ് റീ ടാറിംഗ്-ടെണ്ടർ ബിലോ കുറവ് ചെയ്തില്ല-39787 രൂപ കരാറുകാരന് അധികം തുക നൽകി<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-08-2021) | 1-39 |
| 44 | നടുവിൽ സ്കൂൾ തോയാട് വിളക്കന്നൂർ റോഡ് ടാറിംഗ് പ്രവർത്തി-കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ വീഴ്ച-ഗ്രാമപഞ്ചായത്തിന് 16,409 രൂപയുടെ അധികചെലവ്.<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Suresh Babu KV (Audit Officer, On 29-08-2021) | 1-40 |
| 45 | പതിമുണ്ട വെള്ളാട് റോഡ് ടാറിംഗ്,റീടാറിംഗ് & പാർശ്വഭിത്തികരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല. 17001 രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്.<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-41 |
| 46 | ഗുണഭോക്തൃസമിതി കൺവീനർമാർക്ക് വേണ്ടി 2017-18 സാമ്പത്തികവർഷം വാങ്ങിയ 148 ബാരൽ ബിറ്റുമിൻ ഉപയോഗിക്കാതെ നശിച്ചത് വഴി ഗ്രാമപഞ്ചായത്തിനുണ്ടായ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.<br>Written By: Suresh Babu KV (Audit Officer, On 29-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 1-42 |
| 47 | ബിറ്റുമിൻ വാങ്ങിയ ശേഷം പ്രവൃത്തികൾ ഉപേക്ഷിച്ചു.വാങ്ങിയ ബിറ്റുമിൻ നശിച്ചുപോകുന്നു.ഗ്രാമപഞ്ചായത്തിന് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം.<br>Written By: Suresh Babu KV (Audit Officer, On 29-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-42-1 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ ശേഷം ഉപേക്ഷിച്ച പ്രവൃത്തികൾ-കൺവീനർമാരിൽ നിന്നും തുക പലിശസഹിതം തിരിച്ച് പിടിക്കുന്നതിൽ ഗുരുതരവീഴ്ച.<br>Written By: Suresh Babu KV (Audit Officer, On 29-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-42-2 |
| 49 | 2019-20 വർഷത്തിലെ റോഡ് വികസന പ്രവർത്തനങ്ങൾക്ക് ബിറ്റുമിൻ ഉപയോഗിക്കാമെന്ന ഭരണസമിതി തീരുമാനം | 1-42-3 |

| | | |
|---|---|---|
| | നടപ്പിലാക്കിയില്ല.<br>Written By: Suresh Babu KV (Audit Officer, On 29-08-2021)<br>Last Updated By: Suresh Babu KV (Audit Officer, On 30-08-2021) | |
| 50 | 2016-17 സാമ്പത്തിക വർഷത്തിലെ 6 പ്രവൃത്തികൾ 2020-21 വർഷത്തിലും സ്പിൽ ഓവറായി തുടരുന്നു<br>Written By: Suresh Babu KV (Audit Officer, On 29-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 1-42-4 |
| 51 | പൊതുമരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടക്കുന്നില്ല<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 31-08-2021) | 1-43 |
| | **ഭാഗം 2** | |
| 1 | മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തു നികുതി നിർണ്ണയത്തിനുള്ള ഏരിയ കണക്കാക്കിയതിലെ പിഴവ് -163848/- രൂപയുടെ നഷ്ടം<br>Written By: Sabitha.K (Auditor, On 29-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 2-1 |
| 2 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് - 2850/- രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്<br>Written By: Sabitha.K (Auditor, On 29-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 2-2 |
| 3 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്-₹483 വരവു നഷ്ടം<br>Written By: Anu Abraham (Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 31-08-2021) | 2-3 |
| 4 | ഒ എഫ് സി ഇൻസ്റ്റലേഷൻ -റെസ്റ്റോറേഷൻ ചെയ്യേണ്ട റോഡിന്റെ നീളം കണക്കാക്കിയതിലെ അപാകത-2,96,876/- രൂപയുടെ വരുമാനനഷ്ടം.<br>Written By: Harish Kumar M.V (Computer Assistant, On 26-10-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 2-4 |
| | **ഭാഗം 3** | |
| 1 | തുരുമ്പി മഞ്ഞുമല റോഡ് ടാറിംഗ് റീ ടാറിംഗ്-ടെണ്ടർ ബിലോ കുറവ് ചെയ്തില്ല-39787 രൂപ കരാറുകാരന് അധികം തുക നൽകി<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Suresh Babu KV (Audit Officer, On 28-08-2021) | 3-1 |
| 2 | നടുവിൽ സ്കൂൾ തോയാട് വിളക്കന്നൂർ റോഡ് ടാറിംഗ് പ്രവർത്തി-കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് 16,409 രൂപയുടെ അധികചെലവ്.<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 26-10-2021) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: P.S.Sabu (Deputy Director, On 29-10-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 31-08-2021) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 31-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 31-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Suresh Babu KV (Audit Officer, On 28-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Suresh Babu KV (Audit Officer, On 28-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 31-08-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Suresh Babu KV (Audit Officer, On 28-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh Babu KV (Audit Officer, On 29-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Suresh Babu KV (Audit Officer, On 28-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 28-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | RECEIPT & PAYMENT STATEMENT | |
| 3 | INCOME & EXPENDITURE STATEMENT | |
| 4 | BALANCE SHEET | |

# ഭാഗം -1

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 18-03-2020 തീയതിയിലെ യോഗത്തിലെ 26/2020 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 23-03-2020 തീയതിയിൽ അവതരിപ്പിക്കുകയും ഭരണസമിതിയുടെ തീരുമാനം നമ്പർ-2 പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ഭരണസമിതിയുടെ 18-02-2021തീയതിയിലെ തീരുമാനം നമ്പർ -1 പ്രകാരം 2020-21 സാമ്പത്തികവർഷത്തെ പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 9961891 | 13461891 |
| വരവ് | 240502782 | 200982782 |
| ആകെ | 250464673 | 214444673 |
| ചെലവ് | 241724077 | 200965830 |
| നീക്കിയിരിപ്പ് | 8740596 | 13478843 |

### 1-1-1 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2020-21 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-2 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അധികവിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

4.ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.21 | 07.05.21 | തിരിച്ചയച്ചിട്ടില്ല |

വാർഷികധനകാര്യപത്രികയിലെ അപാകങ്ങൾ

I. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.EMS ലോണുമായി ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം ലോൺ പൂർണ്ണമായും തിരിച്ചടച്ചിട്ടുണ്ടെങ്കിലും ധനകാര്യ പത്രിക പ്രകാരം തുക 13987 തിരിച്ചടക്കാൻ ബാക്കിയുണ്ട്.

3.Permit Fee For Running Of Machinery എന്ന ഇനത്തിൽ തൻവർഷ വരവായ ₹10770/- മാത്രമാണ് രേഖപ്പെടുത്തേണ്ടത്. എന്നാൽ അഡ്വാൻസ് ഇനത്തിലുള്ള വരവായ 1050/- രൂപയുൾപ്പടെ 11,820 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്

4.License Fee For D&O 20-21 വർഷത്തെ അഡ്വാൻസ് ഇനത്തിലുള്ള വരവ് ചെലവ് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ഡിമാന്റ് I-4(B) | 2,10,500 |
| കലക്ഷൻ R P 43 | 1,53,000 |
| അഡ്വാൻസിൽ നിന്നും അഡ്ജസ്റ്റ് ചെയ്യേണ്ട തുക | 57,500 |
| അഡ്വാൻസ് ഇനത്തിൽ 19-20 വർഷം നീക്കിയിരിപ്പ് | 57,300 |
| അഡ്ജസ്റ്റിനുശേഷം ബാക്കി | -200 |
| തൻവർഷം അഡ്വാൻസിനത്തിലുള്ള വരവ് | 97,600 |
| തൻവർഷം അഡ്വാൻസിനത്തിൽ നീക്കിയിരിപ്പ വരേണ്ടിയിരുന്ന തുക | 97,600 |
| 20-21 ധനകാര്യപത്രികയിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയ തുക | 1,01,400 |

5. ബി 4 പ്രകാരം ജോയിന്റ് വെൻച്വർ ജില്ലാ, ബ്ലോക്ക് വിഹിതത്തിൽ നീക്കിയിരിപ്പായി (58,381+2,51,827) 3,10,208 ഉണ്ട്. എന്നാൽ ആയതുമായി ബന്ധപ്പെട്ട സ്പെഷൽ ട്രഷറി അക്കൗണ്ടിൽ (നം 719091400002404) ൽ Rp 40(B) പ്രകാരം നീക്കിയിരിപ്പായി ഉള്ളത് 2,01,827/- രൂപ മാത്രമാണ് ബാക്കിയുള്ള 108381 രൂപ ട്രഷറി തനത് ഫണ്ട് അക്കൗണ്ടിലാണ് വരവ് വച്ചിട്ടുള്ളത് .

6. സ്ഥാപനത്തിന്റെ എല്ലാ ബാധ്യതകളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ: കരാറുകാർ സമർപ്പിച്ച അംഗീകരിച്ച ബില്ലുകൾ പ്രകാരമുള്ള തുക നൽകാൻ ബാക്കിയുള്ളവ (ക്യൂ ബില്ലുകൾ പ്രകാരമുള്ള തുകകൾ)

## 1-2-1 നീക്കിയിരിപ്പ് തുകകൾ വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2020-21 വാർഷിക ധനകാര്യപത്രികയിലെ ബി 4 പത്രികയിൽ നീക്കിയിരിപ്പുള്ള വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ ഏതാവശ്യത്തിനുള്ളതാണെന്ന് വ്യക്തതവരുത്തുന്നതിനായി നൽകിയ എൻക്വയറിക്ക് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരമുള്ള മറുപടിയാണ് നല്കിയത്. ആയതുപ്രകാരം തിരിച്ചടക്കാനുള്ള തുകയാണെങ്കിൽ തിരിച്ചടക്കുന്നതിനും വിനിയോഗിക്കുന്നതിനുള്ളതാണെങ്കിൽ ആയതിനും നടപടി സ്വീകരിക്കേണ്ടതാണ്.

| ഫണ്ടിനം | തുക | തുകയുടെ ഉദ്ദേശ്യം |
|---|---|---|
| 320100116സർവ്വ ശിക്ഷ അഭിയാൻ SSA | 72,788 | SSA പദ്ധതിക്ക് 2013 ൽ ലഭിച്ചതിന്റെ നീക്കിയിരിപ്പും പലിശയും |
| PYKA | 7,000 | 31.03.2012 മുതൽ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പുള്ള തുക |
| 320200204 | 567475 | എം പി ഫണ്ട് ബാലൻസ് തുക |
| 320200305 | 22,884 | ബയോഗ്യാസ് കോൺട്രിബ്യൂഷൻ ബാലൻസ് തുക |
| 320200307 | 9863 | ചേടിക്കുണ്ട് ഐ സി ഡി പി കെട്ടിടം നവീകരണം ബാലൻസ് തുക |
| 320200399 | 2500 | ഗ്രീഷ്മോത്സവം 2017 ൽ അനുവദിച്ച തുക |
| Joint Venture Block Panchayath | 58,381 | തിരിച്ചടക്കാനുള്ള തുക |
| Joint Venture District Panchayath | 2,51,827 | തിരിച്ചടക്കാനുള്ള തുക |
| 320300199 | 5,79,216 | ആരോഗ്യ ഇൻഷ്വറൻസ് -7316<br>വായനശാലകൾക്ക് ടെലിവിഷൻ വാങ്ങുന്നതിന് കെ എസ് എഫ് ഇ -ൽ നിന്ന് ലഭിച്ചത്-5,60,000<br>ജനപ്രതിനിധികൾക്ക് പരിശീലനത്തിനായി ലഭിച്ചത്-11,900/- |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22695657 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96435950 |
| ആകെ | 119131607 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93720151 |
| നീക്കിയിരിപ്പ് | 25411456 |
| വരവിനങ്ങളിലുള്ള നഷ്ടം | 464057 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 56196 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2523003 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ജി ഒ | ആകെ | നീക്കിയി | ചെലവ് |
|---|---|---|---|---|---|---|---|---|

| | | | | | പ്രൊജക്ട് പ്രകാരം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക | ചെലവ് | രിപ്പ്/ ലാപ്സായ തുക | % |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 21523500 | 21523500 | 17780066 | 2483538 | 20263604 | 1259896 | 94.15 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 690896 | 690896 | 688500 | 0 | 688500 | 2396 | 99. |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 8265732 | 8265732 | 6988403 | 29255 | 7017658 | 1248074 | 84.90 |
| മെയിന്റ നൻസ്, റോഡ് (ACR പ്രകാരം) | 0 | 15687000 | 15687000 | 15630040 | 0 | 15630040 | 56960 | 99.63 |
| മെയിന്റനൻസ്, നോൺ- റോഡ് (ACR പ്രകാരം) | 0 | 6369914 | 6369914 | 5390837 | 0 | 5390837 | 979077 | 84.62 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 15643118 | 15643118 | 9798284 | 0 | 9798284 | 5844834 | 62.63 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് , ടൈഡ് (ACR പ്രകാരം | 0 | 839000 | 839000 | 1121104 | 0 | 1121104 | 7268896 | 13.36 |
| ദുരിതാശ്വാ സനിധി | 20921 | 1332 | 22253 | 0 | 0 | 0 | 22253 | |
| ഐസിഡി എസ്-കേന്ദ്രവിഹിതം | 817968 | 1285514 | 2103482 | 1377611 | | 1377611 | 725871 | |
| സാക്ഷരത | 326 | 0 | 326 | 0 | 0 | 0 | 326 | |
| എം പി ഫണ്ട് | 568135 | 0 | 568135 | 666 | 0 | 666 | 567475 | |
| ശുചിത്വ മിഷൻ ഗ്രാന്റ് + ടി.എസ്.പി | 306741 | 3503293 | 3810034 | 3626337 | 0 | 3626337 | 183697 | |
| കേരളോ ത്സവം | 20000 | 0 | 20000 | 0 | 0 | 0 | 20000 | |
| വിമുക്തി | 35364 | 0 | 35364 | 13250 | 0 | 13250 | 22114 | |
| പൈക്ക | 7000 | 0 | 7000 | 0 | 0 | 0 | 7000 | |
| വിധവകളുടെ | 0 | 60000 | 60000 | 60000 | 0 | 60000 | 0 | |

| |
|---|
| പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | | | | | | | | |

2020-21 ഗ്രാന്റ് പത്രിക പരിശോധന

1.ഗ്രാന്റ് വിനിയോഗപത്രികയിലെ CFC Tied ഫണ്ടിനവുമായി ബന്ധപ്പെട്ട ABSTRACT പ്രകാരമുള്ള തുക ധനകാര്യപത്രികയിലെ കണക്കുകളുമായും ചെലവ് പത്രികയുമായും പൊരുത്തപ്പെടുന്നില്ല.

2. ഗ്രാന്റ് പത്രികയിലെ ABSTRACT പ്രകാരമുള്ള ചെലവ് തുക Details Of Expenditure ലെ മൊത്തം ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

നോട്ട് – ജി.ഒ പ്രോജക്ടുകൾക്കായി ഉറവിടത്തിൽ നിന്നും കുറവു ചെയ്ത തുക ഉൾപ്പെടെയാണ് വരവ് തുകയായി രേഖപ്പെടുത്തിയത്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 208 | 131478422 | 174 | 78563757 | 27 | 34 | 147 | 71 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 2431636 | 2429167 | 99.89 |
| വെറ്റിനറി സർജ്ജൻ | 8 | 7 | 4409600 | 2310000 | 52 |
| വി ഇ ഒ | 25 | 19 | 43025940 | 13960990 | 32 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 9 | 8 | 7135512 | 2444576 | 34 |
| മെഡിക്കൽ ഓഫീസർ,ആയുർവേദ | 1 | 1 | 300000 | 300000 | 100 |
| ഹെഡ്മാസ്റ്റർ | 14 | 9 | 3452110 | 2448393 | 71 |
| ഐസിഡിഎസ് സൂപ്പർവൈസർ | 10 | 9 | 9366911 | 7116342 | 76 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 4 | 4147550 | 4056461 | 98 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 106 | 89 | 46770937 | 35362660 | 76 |
| സെക്രട്ടറി | 18 | 16 | 5633946 | 4103808 | 73 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 4804280 | 4031360 | 84 |

| | | | | | |
|---|---|---|---|---|---|
| ആകെ | 208 | 174* | 131478422 | 78563757 | 60 |

*നടപ്പാക്കിയ 174 പ്രൊജക്ടുകളിൽ 27 എണ്ണത്തിന് ഭാഗികമായി മാത്രമേ തുക ചെലവഴിച്ചിട്ടുള്ളൂ.

2020-21 സാമ്പത്തികവർഷത്തിൽ 71 സ്പിൽ ഓവർ പ്രൊജക്ടുകളും 137 പുതിയ പ്രൊജക്ടുകളും ഉൾപ്പെടെ 208 പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചതിൽ 174 പ്രൊജക്ടുകൾക്ക് തുക ചെലവഴിക്കുവാനാണ് സാധിച്ചത്. വിവിധ പദ്ധതികൾക്കായി 131478422 രൂപ വകയിരുത്തിയതിൽ 78563757/- രൂപയാണ് ചെലവഴിച്ചത്. വികസന ഫണ്ട്-പൊതുവിഭാഗം- സാധാരണഫണ്ട് ഇനത്തിൽ ലഭിച്ച മുഴുവൻ തുകയും ഗ്രാമപഞ്ചായത്തിന് ചെലവഴിക്കുവാനായി. വികസനഫണ്ട് എസ്.സി.പി,ടി.എസ്.പി,ധനകാര്യ കമ്മീഷൻ ഗ്രാന്റ്,മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ലഭിച്ച തുകയുടെ ചെലവ് വിവരങ്ങൾ ,ലാപ്സായ തുകയുടെ വിവരങ്ങൾ എന്നിവ ചുവടെ കൊടുക്കുന്നു.

| വികസന ഫണ്ട് സ്രോതസ്സുകൾ | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| എസ്.സി.പി. | 690896 | 688500 | 2396 |
| ടി.എസ്.പി | 8236477 | 7017658 | 1218819 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 8390000 | 1121104 | 7268896 |
| മെയിന്റനൻസ് ഫണ്ട് ( റോഡ്) | 15687000 | 15630040 | 56960 |
| മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ് ) | 6369914 | 5390837 | 979077 |
| ആകെ | 39374287 | 29848139 | 9526148 |

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുക 9526148/- രൂപ നഷ്ടപ്പെട്ടിരിക്കുകയാണ്(സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018, പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക). പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാത്തതും നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളൂവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ച്, ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

<u>മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല</u>

പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകൾ ഭരണ സമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള വിശദമായ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല.ഗ്രാമപഞ്ചായത്തിലെ മുഴുവൻ നിർവഹണഉദ്യോഗസ്ഥരുടെയും പ്രൊജക്ട് ഫയലുകളിൽ ഒന്നിൽ പോലും വിശദമായ മോണിറ്ററിംഗ് നടത്തിയതുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട ഫാറത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ട്

ഉൾപ്പെടുത്തിയിട്ടില്ല.മോണിറ്ററിംഗ് റിപ്പോർട്ട് ലഭിക്കാതെ തുക ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല.ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്,മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ | 0 | 39005000 | 39005000 | 39005000 | 0 |
| ഭരണചെലവുകൾ | 601080 | 1140730 | 1741810 | 1738200 | 3610 |
| ആകെ | 601080 | 40145730 | 40746810 | 40743200 | 3610 |

## 1-7 ക്ഷേമ പദ്ധതികൾ

| വർഷം | ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|---|
| 2020-21 | തൊഴിൽ രഹിത വേതനം | 20520 | 27 |
| | കർഷകതൊഴിലാളി പെൻഷൻ | 4564900 | 338 |
| | വിധവാ പെൻഷൻ | 15343900 | 1104 |
| | വാർദ്ധക്യകാല പെൻഷൻ | 46724600 | 3671 |
| | വിഗലാംഗ പെൻഷൻ | 6142100 | 425 |
| | വിവാഹ ധനസഹായം | 60000 | 2 |
| | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 666700 | 51 |

## 1-7-1 പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ ഡെത്ത് രജിസ്ട്രേഷൻ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കിയതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ

| പേര് | ആധാർ നമ്പർ | പെൻഷന്റെ പേര് / പെൻ ഷണർ ഐ ഡി | മരണപ്പെട്ട തീയതി | നില വിലെ സ്റ്റാറ്റസ് | റിമാർക്സ് |
|---|---|---|---|---|---|
| ത്രേസ്യാമ്മ ജോസഫ് | 244274683199 | വാർദ്ധക്യ കാല പെൻഷൻ 111180201164 | 15-6-2020 | ആക്ടീവ് | November-2020 മുതൽ June-2021 വരെ തുക നൽകാൻ കഴിഞ്ഞിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | | July-2021, August-2021 മാസങ്ങളിലെ പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് |
| പാർവ്വതി പാറക്കടവൻ | 6286 62632039 | കർഷകത്തൊഴിലാളി പെൻഷൻ 111210100076 | 19-6-2020 | സസ്പെൻഡ് | August-2020 വരെ പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ച |
| അബൂബക്കർ ഇ | 634677 206041 | വാർദ്ധക്യ കാല പെൻഷൻ 111180201390 | 11-3-2020 | ആക്ടീവ് | April-2020 വരെ പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. May20 മുതൽ June-2021 വരെ തുക നൽകാൻ കഴിഞ്ഞിട്ടില്ല. July-2021, August-2021 മാസങ്ങളിലെ പെൻഷൻ തുക ബാങ്കിന് കൈമാറിയിട്ടുണ്ട്. |
| വടക്കേടത്ത് ശാരദ | 45649 7604559 | വിധവ പെൻഷൻ 111180600165 | 7-5-2020 | ആക്ടീവ് | May20 മുതൽ June-2021 വരെ തുക നൽകാൻ കഴിഞ്ഞിട്ടില്ല. July-2021, August-2021 മാസങ്ങളിലെ പെൻഷൻതുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. |
| മേരിക്കുട്ടി തോമസ് | 20503 5670186 | വിധവ പെൻഷൻ 111200600955 | 2-7-2020 | സസ്പെൻഡ് | December-2020വരെ പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ ഈ ഗുണഭോക്താവ് ആലക്കോട് ഗ്രാമ പഞ്ചായത്തിലുള്ളതാണ് |
| നാരായണൻ ചാത്തോത്ത് വീട്ടിൽ | 711175921711 | വാർദ്ധക്യ കാല പെൻഷൻ 111180200818 | 31-7-2020 | ആക്ടീവ് | June-2021 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കുകയും, July-2021, August-2021 മാസങ്ങളിലെ തുക ബാങ്കിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| കെ.പത്മനാഭൻ | 815187340980 | വാർദ്ധക്യ കാല പെൻഷൻ 111180201346 | 11-8-2020 | ആക്ടീവ് | June-21 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കുകയും July-2021, August-2021 മാസങ്ങളിലെ തുക ബാങ്കിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| മറിയാമ്മ തോമസ് | 440991277384 | വാർദ്ധക്യ കാല പെൻഷൻ 111170200979 | 12-8-2020 | ആക്ടീവ് | July20മുതൽ June- 2021 വരെ തുക നൽകാൻ കഴിഞ്ഞിട്ടില്ല. July-2021, August-21 മാസങ്ങളിലെ പെൻഷൻ തുക സഹകരണബാങ്കിന് കൈമാറിയിട്ടുണ്ട്. കൂടാതെ ഈ ഗുണഭോക്താവ് ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിലുള്ളതാണ് |
| സ്കറിയ കെ ടി | 254037476411 | വാർദ്ധക്യ കാല പെൻഷൻ 111210200565 | 15-8-2020 | ആക്ടീവ് | July20 മുതൽ June-2021 വരെ തുക നൽകാൻ കഴിഞ്ഞിട്ടില്ല. July-2021, August-2021 മാസങ്ങളിലെ പെൻഷൻ തുക സഹകരണബാങ്കിന് കൈമാറിയിട്ടുണ്ട്. കൂടാതെ ഈ |

| | | | | | |
|---|---|---|---|---|---|
| | | | | | ഗുണഭോക്താവ് ഏരുവശ്ശി ഗ്രാമ പഞ്ചായത്തിലുള്ളതാണ് |
| റോസി | 859588756755 | വാർദ്ധക്യ കാല പെൻഷൻ 111180203653 | 31-8-2020 | ആക്ടീവ് | June-2021 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. July-2021, August-2021 മാസങ്ങളിലെ പെൻഷൻതുക സഹകരണബാങ്കിന് കൈമാറിയിട്ടുണ്ട്. |
| കത്രീന | 242162553398 | വിധവ പെൻഷൻ 111070600622 | 9-9-2020 | ആക്ടീവ് | June-2021 വരെ തുക അക്കൗണ്ടിൽനിക്ഷേപിച്ചിട്ടുണ്ട്. July-2021, August-2021 മാസങ്ങളിലെ പെൻഷൻതുക സഹകരണബാങ്കിന് കൈമാറി. കൂടാതെ ഈ ഗുണഭോക്താവ് ചെറുപുഴ ഗ്രാമ പഞ്ചായത്തിലുള്ളതാണ് |
| കുഞ്ഞമ്മ ജോർജ്ജ് | 64704 0668127 | വാർദ്ധക്യ കാല പെൻഷൻ 111210200163 | 24-8-20 | ആക്ടീവ് | June-2021 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കുകയും July-2021, August-2021 മാസങ്ങളിലെ പെൻഷൻ തുക ബാങ്കിന് കൈമാറുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ ഗുണഭോക്താവ് ഏരുവശ്ശി ഗ്രാമ പഞ്ചായത്തിലുള്ളതാണ് |
| ത്രേസ്യാമ്മ ജോസഫ് | 242057186721 | വാർദ്ധക്യ കാല പെൻഷൻ 111180201199 | 28-9-2020 | ആക്ടീവ് | October-2020 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല July-2021, August-2021 മാസങ്ങളിലെ പെൻഷൻതുക ബാങ്കിന് കൈമാറിയിട്ടുണ്ട്. |
| മേരി മത്തായി | 786746825470 | വാർദ്ധക്യ കാല പെൻഷൻ 111180202842 | 22-11-2020 | ആക്ടീവ് | November-2020 മുതൽ May-2021 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല. June-2021 ൽ പെൻഷൻ തുക കൈപറ്റിയിട്ടുണ്ട്. July-2021, August-2021 മാസങ്ങളിലെ പെൻഷൻ തുക കൈമാറാൻ സാധിച്ചിട്ടില്ല. |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതാതു മാസം തന്നെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ് എന്നിരിക്കെ ക്ഷേമപെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട തീയതിക്കു ശേഷം വിതരണം ചെയ്യപ്പെടുന്ന പെൻഷൻ അവകാശികൾക്ക് നല്കാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ പെൻഷണർ മരണപ്പെട്ടതിനു ശേഷം വിതരണം നടത്തിയ പെൻഷൻ തുക അവകാശികൾക്ക് നല്കിയതും ശരിയല്ല. ഇത് സംബന്ധിച്ച് നൽകിയ 12/2020-21,13-08-2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മരണപ്പെട്ടതിന് ശേഷം നല്കിയ പെൻഷൻ തുക തിരിച്ചു പിടിച്ച് തിരിച്ചടക്കേണ്ടതും മുഴുവൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ പരിശോധിച്ച് ഈ രീതിയിലുള്ള അപാകങ്ങൾ സംഭവിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.08.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 515രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം /വിപുലീകരണം നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ നടത്തിയിട്ടില്ല.പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കുന്ന ചുമതലകൾ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2021 ജനവരി മാസം മുതലുള്ള 14 ആക്ഷൻ പോയിന്റുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ ബാക്കിയുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ട്.

## 1-11 മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തു നികുതി നിർണ്ണയത്തിനുള്ള ഏരിയ കണക്കാക്കിയതിലെ പിഴവ് -163848/- രൂപയുടെ നഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന 11 മൊബൈൽ, ടെലഫോൺ ടവറുകൾക്ക് 2019-20 വർഷം മുതൽ വസ്തു നികുതി (ചതുരശ്രമീറ്ററിന് 400 രൂപ നിരക്കിൽ) ചുമത്തിയിട്ടുണ്ട്. മൊബൈൽ ടെലിഫോൺ ടവറുകളുടെ നികുതി നിർണ്ണയം നടത്തുമ്പോൾ ടവർ സ്പാൻ ഏരിയ കൂടി ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയം നടത്തേണ്ടത്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന മൊബൈൽ ടെലിഫോൺ ടവറുകളുടെ നികുതി നിർണ്ണയം

നടത്തിയപ്പോൾ ടവർ സ്പാൻ ഏരിയ ഉൾപ്പെടുത്താതെ ഷെൽട്ടർ, സെക്യൂരിറ്റി റൂം, ഡി ജി റൂം എന്നിവ മാത്രം ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയം നടത്തിയത്. നികുതി നിർണ്ണയത്തിലെ അപാകങ്ങൾ മൂലം പഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിലുണ്ടായ നഷ്ടത്തിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പേര് | ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ച തീയ്യതി | വാർഡ് നമ്പർ/ കെട്ടിട നമ്പർ | പെർമിറ്റ് നമ്പർ/ തീയ്യതി | കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ വിസ്തീർണ്ണം/ 2020-21 ഈടാക്കിയ നികുതി | ഒക്കുപ്പൻസി നൽകിയ വസ്തുനികുതി നിർണ്ണയത്തിന് കണക്കാക്കിയ വിസ്തീർണ്ണം, വാർഷിക വസ്തു നികുതി | വസ്തുനികുതി നിർണ്ണയത്തിന് ഉൾപ്പെടുത്താത്ത വിസ്തീർണ്ണം, വാർഷിക വസ്തു നികുതി | കുറവ് |
|---|---|---|---|---|---|---|---|
| മാനേജർ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | ലഭ്യമല്ല | VII /166B | BA250/08-09, 5-11-2008 | 62.63 ച മീ 10255/- | 27.13 ച മീ 10255/- (27.13x400 =10852 10%ഇളവ് -1085 ആകെ =9767/- 5% സെസ്- 488) | 35.5ച മീ 13419/- (35.5x400 =14200 10%ഇളവ് -1420 ആകെ =12780 5% സെസ്- 639) | 13419 |
| | 2-2-2008 | I/914 A | A4-1449/07, 26-7-2007 | 83.13 ച മീ 9138/- | 18.13 ച.മീ, 9139/- (18.13x400 =7252 20% വർദ്ധനവ് =1450 ആകെ =8703 5% സെസ്- 436) | 65ച മീ 32760 /- (65x400 =26000 20%വർദ്ധനവ്=5200 ആകെ =31200 5% സെസ്- 1560) | 32760 |
| | ലഭ്യമല്ല | V /65 C | 200/07-08 /1-1-08 | 84.83 ച മീ 9450/- | 25ച.മീ 9450/- (25x400 =10000 10%ഇളവ് -1000 ആകെ =9000 5% സെസ്- 1077) | 59.83ച.മീ 22616/- (59.83x400 =23932 10%ഇളവ് -2393 ആകെ =21539 5% സെസ്- 1077) | 22616 |
| | 7-6-2010 | IX /452 A | BA 295/09-10 /7-1-2010 | 52.8ച മീ 11365/- | 22.55ച മീ 11366/- (22.55x400 =9020 20% വർദ്ധനവ് | 30.25ച മീ 15246 /- (30.25x400 =12100 20%വർദ്ധനവ് =2420 ആകെ =14520 | 15246 |

| | | | | | | |
|---|---|---|---|---|---|---|
| | | | | =1804<br>ആകെ =10824<br>5% സെസ്- 541) | 5% സെസ്- 726) | |
| 1-8-2008 | XII /161B | 242/07-08 ,6-2-08 | 68ച മീ<br>9742/- | 25.77ച മീ<br>9742/-<br>(25.77x400 =10308<br>10%ഇളവ് -1031<br>ആകെ =9278<br>5% സെസ്- 464) | 42.23ച മീ<br>15963/-<br>(42.23x400 =16892<br>10%ഇളവ് -1689<br>ആകെ =15203<br>5% സെസ്- 760) | 15963 |
| ലഭ്യമല്ല | XIV /362 B | A3-5273 /10 , 16-7-2011 | 21.6ച മീ<br>9138/- | 18.13ച മീ<br>9139/-<br>(18.13x400 =7252<br>20%വർദ്ധനവ് =1450<br>ആകെ =8703<br>5% സെസ്- 436) | 3.47ച മീ<br>1749 /-<br>(3.47x400 =1388<br>20%വർദ്ധനവ്=278<br>ആകെ = 1666<br>5% സെസ്- 83) | 1749 |
| 2-2-2008 | XIV/288A | A4-885/07 ,26-7-07 | 57.82ച മീ<br>10836/- | 21.5ച മീ<br>10836/-<br>(21.5x400 =8600<br>20% വർദ്ധനവ് =1720<br>ആകെ =10320<br>5% സെസ്-516) | 36.32ച മീ<br>18306 /-<br>(36.32x400 =14528<br>20%വർദ്ധനവ്=2906<br>ആകെ =17434<br>5% സെസ്-872) | 18306 |
| 18-10-2011 | XV/294B | 131/11 ,10-2-2011 | 39.6ച മീ<br>8245/- | 21.81ച മീ<br>8245/-<br>(21.81x400 =8724<br>10%ഇളവ് -872<br>ആകെ =7852<br>5% സെസ്- 393 | 17.79ച മീ<br>6724/-<br>(17.79x400 =7116<br>10%ഇളവ് -712<br>ആകെ =6404<br>5% സെസ്- 320) | 6724 |
| ലഭ്യമല്ല | XIX/547A | BA 52/2009 ,13-5-2008 | 72.23ച മീ<br>8694/- | 23ച മീ<br>8694/-<br>(23x400 =9200<br>10%ഇളവ് -920 | 49.23ച മീ<br>18610/-<br>(49.23x400 =19692<br>10%ഇളവ് -1969<br>ആകെ =17723<br>5% സെസ്- 887) | 18610 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ആകെ =8280<br>5% സെസ്-414) | | |
| ജനറൽ മാനേജർ ബി എസ് എൻ എൽ | 29-7-2008 | XII /360A | A445 /07 ,14-5-2007 | 29.51ച മീ<br>9450/- | 22.75ച മീ<br>7644/-<br>(22.75x400 =9100<br>20%ഇളവ് -1820<br>ആകെ =7280<br>5% സെസ്-364) | 6.76ച മീ<br>2272/-<br>(6.76x400 =2704<br>20%ഇളവ് -541<br>ആകെ =2163<br>5% സെസ്- 109) | 2272 |
| എസ്സാർ ടെലക്കോം ടവർ &ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 21-5-2009 | V /65 G | BA260/08-09 ,20-11-2008 | 67.81ച മീ<br>7644/- | 25ച മീ<br>9450/-<br>(25x400 =10000<br>10%ഇളവ് -1000<br>ആകെ =9000<br>5% സെസ്-450) | 42.81ച മീ<br>16183/-<br>(42.81x400 =17124<br>10%ഇളവ് -1712<br>ആകെ =15412<br>5% സെസ്- 771) | 16183 |
| ആകെ | | | | | | | 163848 |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം നികുതി നിർണ്ണയം നടത്തിയ മേൽസൂചിപ്പിച്ച മൊബൈൽ ടെലഫോൺ ടവറുകളുടെ ഏരിയ കണക്കാക്കിയതിലെ പിഴവുമൂലം 2020-21 സാമ്പത്തികവർഷത്തിൽ ഗ്രാമപഞ്ചായത്തിന് 163848/- രൂപ വരുമാനനഷ്ടമുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (AE-9/2019-20,18-8-21)ന് ലഭ്യമാക്കിയ മറുപടിയിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനുണ്ടായ വരുമാനനഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ചുമത്തുന്നതിലെ അപാകങ്ങൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം 204ാം വകുപ്പ് ,1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകത കാണുന്നു.

1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -2850/- രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന സെന്റ് ജോസഫ് ഹോസ്പിറ്റൽ, കരുവഞ്ചാലിലെ ജീവനക്കാരുടെ രണ്ട് അർദ്ധവർഷങ്ങളിലും (ഒന്നാം അർദ്ധവർഷം - രസീത് നം.120010101265 തീ.03.09.2020, രണ്ടാം അർദ്ധവർഷം-രസീത് നം. 120010105311 തീ. 19.02.2021) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു. വിശദവിവരം ചുവടെ.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്, തസ്തിക | ആകെ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | ബീന വിജയൻ, നെഴ്സിംഗ് അസിസ്റ്റന്റ് | 65250/-<br>(ഒന്നാം അർദ്ധവർഷം) | 600 | 450 | 150 |

| | | | | | |
|---|---|---|---|---|---|
| | | 65250 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 2 | അന്നമ്മ തോമസ്, നെഴ്സിംഗ് അസിസ്റ്റന്റ് | 65250 (ഒന്നാം അർദ്ധവർഷം) | 600 | 450 | 150 |
| | | 65250 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 3 | സിനി അഗസ്റ്റ്യൻ,സ്റ്റാഫ് നെഴ്സ് | 65250 (ഒന്നാം അർദ്ധവർഷം) | 600 | 450 | 150 |
| | | 65250 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 4 | സീമാമണി ,ടൈപ്പിസ്റ്റ് | 60150 (ഒന്നാം അർദ്ധവർഷം) | 600 | 450 | 150 |
| | | 60150 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 5 | സിനി തോമസ്,സ്റ്റാഫ് നെഴ്സ് | 65250 (ഒന്നാംഅർദ്ധവർഷം) | 600 | 450 | 150 |
| | | 65250 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 6 | ജൂലി ജോഷി,സ്റ്റാഫ് നെഴ്സ് | 65250 (ഒന്നാംഅർദ്ധവർഷം) | 600 | 450 | 150 |
| | | 65250 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 7 | നീതു മോൾ ,സ്റ്റാഫ് നെഴ്സ് | 65250 (ഒന്നാംഅർദ്ധവർഷം) | 600 | 450 | 150 |
| 8 | സാലി സെബാസ്റ്റ്യൻ ,സ്റ്റാഫ് നെഴ്സ് | 65250 (ഒന്നാംഅർദ്ധവർഷം) | 600 | 450 | 150 |
| | | 65250 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 9 | ദീപ ശിവൻ ,സ്റ്റാഫ് നെഴ്സ് | 65250 (ഒന്നാംഅർദ്ധവർഷം) | 600 | 450 | 150 |
| | | 65250 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 10 | ബെന്നി ,ബില്ലിംഗ് | 60150 (ഒന്നാംഅർദ്ധവർഷം) | 600 | 450 | 150 |
| | | 60150 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| | ആകെ | | | | 2850 |

2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന കാരുണ്യാശ്രമം ആയുർവേദപ്രകൃതി ചികിത്സകേന്ദ്രം, പൈതൽ മല എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകി ഈടാക്കിയിട്ടില്ല.

3) 2020 -21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

4) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന 6 ക്വാറികളിലെ തൊഴിലാളികളിൽ നിന്നും, മൈനിംഗ് മേറ്റ് / ബ്ലാസ്റ്റർ,മൈനിംഗ് മാനേജർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.AE-NO -13/20-21, 13-2-21) ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞവരിൽ നിന്നും കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

## 1-13 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്-₹483 വരവു നഷ്ടം

2019 ലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ,ചട്ടം 9 പ്രകാരം 150m2 വരെ Built-Up Area ഉള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീയുടെ 50% ഈടാക്കിയാൽ മതി.എന്നാൽ നിലവിലുള്ള കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുമ്പോൾ ആകെയുള്ള Built-Up Area(Existing+Proposed) ,150m2 ന മുകളിൽ ആണെങ്കിൽ കൂട്ടിച്ചേർത്ത ഭാഗത്തിന് മുഴുവനായും പെർമിറ്റ് ഫീ വാങ്ങേണ്ടതാണ്.എന്നാൽ താഴെപ്പറയുന്ന കൂട്ടിച്ചേർക്കുന്നതിനുള്ള അപേക്ഷകളിൽ ആകെയുള്ള Permit Area(Existing+Proposed) കണക്കാക്കാതെയാണ് അപേക്ഷകളിൽ പെർമിറ്റ് ഫീ ഈടാക്കിയിരിക്കുന്നത്.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേര് | പെർമിറ്റ് തിയതി | Build Up Area | ഈടാക്കിയ പെർമിറ്റ് ഫീസ് | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | 86 | ബീന സി.പി. | 30.12.20 | Existing-87.25m2 Proposed-70.81m2 Total-158.06m2 | ₹248 (3043/6.1.20) | ₹496 70.81*7=495.67/ | ₹248 |
| 2 | 92 | രാജേഷ് എം | 30.10.20 | Existing-81.48m2 Proposed-75.86m2 Total-157.34m2 | ₹296 (2080/30.10.20) | ₹531 75.86*7=531.02/- | ₹235 |
| | | | | | | ആകെ | 483 |

നഷ്ടം വന്ന ₹483 ഈടാക്കേണ്ടതാണ്. വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ഒ എഫ് സി ഇൻസ്റ്റലേഷൻ -റെസ്റ്റോറേഷൻ ചെയ്യേണ്ട റോഡിന്റെ നീളം കണക്കാക്കിയതിലെ അപാകത-2,96,876/- രൂപയുടെ വരുമാനനഷ്ടം.

ഫയൽ നമ്പർ-എ1/2833/2020

നടുവിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ റോഡ് കട്ട് ചെയ്ത് ഒ.എഫ്.സി സ്ഥാപിക്കുന്നതിന് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, കൊച്ചി സമർപ്പിച്ച 15-07-2020തീയതിയിലെ അപേക്ഷ പരിഗണിച്ച് റോഡ് കട്ട് ചെയ്യുന്നതിന് അനുമതി നൽകുകയും അസിസ്റ്റന്റ് എൻജിനീയർ നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ റെസ്റ്റോറേഷൻ ചാർജ് 1043418 രൂപ (രസീത് നം,120010500011/23-09-2020) ഒടുക്കിയിട്ടുമുണ്ട്.റിലയൻസ് ഇൻഫോകോം നൽകിയ എസ്റ്റിമേറ്റിലെ റോഡിന്റെ നീളത്തിലും കുറഞ്ഞ നീളത്തിലാണ് താഴെപ്പറയുന്ന രണ്ട്

റോഡുകൾ കട്ട് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് അസിസ്റ്റന്റ് എൻജിനീയർ തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുള്ളത്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| റോഡിന്റെ പേര് | റിലയൻസ് നൽകിയ എസ്റ്റിമേറ്റിലെ റോഡിന്റെ നീളം | AE തയ്യാറാക്കിയ എസ്റ്റിമേറ്റിലെ റോഡിന്റെ നീളം / വിസ്തീർണ്ണം | കുറവ് നീളം /വിസ്തീർണ്ണം |
|---|---|---|---|
| താഴത്തങ്ങാടി അടയ്ക്ക ഗോഡൗൺ- പള്ളിക്കവല റോഡ് Berm Cutting-Rate 359.85/M2 | 2500 മീറ്റർ | 1900മീറ്റർ 1X1900X0.5X1.5=1425m2 | 600 മീറ്റർ 1X600X0.5X1.5=450m2 |
| വെള്ളാട് പാലം- വെള്ളാട് അമ്പലം റോഡ് Berm Cutting-Rate 359.85/M2 | 800മീറ്റർ | 300മീറ്റർ 1X300X0.5X1.5=225m2 | 500 മീറ്റർ 1X500X0.5X1.5=375m2 |
| ആകെ കുറവ് | | | 825 M2 |

മേൽ സൂചിപ്പിച്ച പ്രകാരം നീളത്തിൽ കുറവ് വരാനുണ്ടായ കാരണം രേഖകൾ സഹിതം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് ,കൊച്ചി സമർപ്പിച്ച എസ്റ്റിമേറ്റിലും കുറഞ്ഞ അളവിൽ മേൽ സൂചിപ്പിച്ച രണ്ട് റോഡുകൾ കട്ട് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകിയതിനാൽ താഴെപ്പറയും പ്രകാരം വരുമാനനഷ്ടമുണ്ടായിട്ടുണ്ട്.

| | |
|---|---|
| Berm Cutting-Rate | 359.85/M2 |
| വരുമാനനഷ്ടം | $825m^2$x359.85= 2,96,876രൂപ |

റോഡ്-റെസ്റ്റോറേഷൻ ചാർജിനത്തിൽ വരുമാനനഷ്ടമുണ്ടായത് സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കാത്ത പക്ഷം 2,96,876/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. റെസ്റ്റോറേഷൻ ചാർജ്ജിന് കണക്കാക്കിയ റോഡിന്റെ നീളം റിലയൻസ് നൽകിയ എസ്റ്റിമേറ്റിലെ റോഡിന്റെ നീളത്തേക്കാളും കുറവ് വന്നത് സംബന്ധിച്ചും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 ഇ ടെണ്ടർ- ടെണ്ടർ ഫീ ക്ലെയിം ചെയ്യുന്നതിന് നടപടികളില്ല.ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ കിടക്കുന്നു.

ഗ്രാമപഞ്ചായത്തിലെ അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടെണ്ടർ ഫീ, ഇ.എം.ഡി എന്നീ ഇനങ്ങളിലെ തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫാറം വിലയിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കുന്നതിന് ആവശ്യമായ ഒരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.ഓരോ സാമ്പത്തികവർഷാവസാനവും ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ലിസ്റ്റ് സഹിതം ജില്ലാ പഞ്ചായത്തിനെ അറിയിക്കേണ്ടതും തുടർനടപടികൾ

സ്വീകരിക്കേണ്ടതുമായിരുന്നു.എന്നാൽ ഇ-ടെണ്ടർ ആരംഭിച്ച വർഷം മുതൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെ അറിയിച്ചിട്ടില്ല.ടെണ്ടർ ഫാറം വില ഇനത്തിൽ ഇതുവരെ ലഭിക്കുവാനുള്ള തുക കണക്കാക്കി കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 പാലക്കയം തട്ട് ടൂറിസം പ്രദേശത്തെ സ്ഥാപനങ്ങൾ പി പി ആർ ആക്ട് പ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല

പാലക്കയം തട്ട് ടൂറിസം ട്രയാംഗിൾ എന്ന സ്ഥാപനത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് തൊഴിൽനികുതി ഇനത്തിൽ തൻവർഷം വരവുണ്ട്.കണ്ണൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിൽ നിന്നും വിവിധ വ്യക്തികളും സ്ഥാപനങ്ങളും പാലക്കയം തട്ട് ടൂറിസം പ്രദേശത്തെ സ്ഥലങ്ങൾ പാട്ടത്തിനെടുക്കുകയും ടൂറിസവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലങ്ങളിൽ വിനോദത്തിനുതകുന്ന നിരവധി താൽക്കാലിക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.പ്രസ്തുതപ്രദേശങ്ങളെല്ലാം തന്നെ ജനങ്ങൾ വിനോദത്തിനായി ഒത്തുചേരുന്ന പൊതു സങ്കേതങ്ങളായി പരിഗണിച്ച് കേരള പ്ലേസസ് ഓഫ് പബ്ലിക്ക് റിസോർട്ട് ആക്ട് 1963, കേരള പ്ലേസസ് ഓഫ് പബ്ലിക്ക് റിസോർട്ട് റൂൾസ് 1965 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഫീസ് (കേരള പ്ലേസസ് ഓഫ് പബ്ലിക്ക് റിസോർട്ട് റൂൾസ് 1965 ചട്ടം-28) ഈടാക്കി ലൈസൻസിന് വിധേയമാക്കേണ്ടതായിരുന്നു.എന്നാൽ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന പാലക്കയം തട്ട് ടൂറിസം പ്രദേശത്തെ സ്ഥാപനങ്ങളെ (പ്രവേശനത്തിന് പണം സ്വീകരിക്കുന്ന സ്ഥാപനങ്ങൾ ഉൾപ്പെടെ) പി പി ആർ ആക്ട് പ്രകാരമുള്ള ലൈസൻസിന് ഇതുവരെ വിധേയമാക്കിയിട്ടില്ല. പി പി ആർ ആക്ട് പ്രകാരമുള്ള ലൈസൻസ് എടുക്കാതെ പാലക്കയം തട്ട് ടൂറിസം പ്രദേശത്തെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് എത്രയും വേഗം തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-17 സ്ട്രീറ്റ് ലൈൻ വലിക്കൽ- പദ്ധതി പൂർത്തികരിച്ചത് - രേഖകൾ ഹാജരാക്കിയില്ല.887318 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, നടുവിൽ ഗ്രാമപഞ്ചായത്ത് |
| പ്രോജ്കട് നമ്പർ, പേര് | 259/21 - 6,9,15,19 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ |
| അടങ്കൽ | 9,05,000 (വികസന ഫണ്ട് ജനറൽ) |
| ചെലവ്/ബിൽ നം/തിയ്യതി | 887318 (ട്രഷറി റഫറൻസ് നം.201909520065011705 70) |

നടുവിൽ ഗ്രാമപഞ്ചായത്തിലെ പോത്തുകുണ്ട്, വായാട്ടുപറമ്പ, പോത്തൻ പറമ്പ,കൈതളം എന്നീ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിലേക്കായി കെ എസ് ബി ഇ യുടെ ആലക്കോട് സെക്ഷന് 5,01,264 രൂപയും ചെമ്പേരി, ചപ്പാരപ്പടവ് സെക്ഷനുകൾക്ക് യഥാക്രമം 1,98,492 , 1,87,562 രൂപയും ഡപ്പോസിറ്റായി നൽകിയിട്ടുണ്ട്. കെ എസ് ഇ ബി സെക്ഷനുകളുമായി 25.02.2021 ന് ഉണ്ടാക്കിയ കരാറുപ്രകാരം 31.03.21 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ കൊടുത്തിരിക്കുന്ന രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (25/23.08.21)നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല.

1. കെ എസ് ഇബിയുമായി ഉണ്ടാക്കിയ എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം ഫൈനൽ ബിൽ ഹാജരാക്കി തുക ക്രമീകരിച്ചതിന്റെ രേഖകൾ.

2.ലൈൻ വലിക്കൽ പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ള നാല് വാർഡുകളിലും തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിച്ചതിന്റെ രേഖകൾ.

3. പദ്ധതിയുമായി ബന്ധപ്പെട്ട പൂർത്തീകരണ സാക്ഷ്യ പത്രവും മോണിറ്ററിംഗ് സാക്ഷ്യപത്രവും

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 887318/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 സ്ട്രീറ്റ് ലൈൻ വലിച്ച സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - 394589തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| | നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, നടുവിൽ ഗ്രാമപഞ്ചായത്ത് |
| 1. | പ്രോജ്കട് നമ്പർ പേര് | 219/21 സ്ട്രീറ്റ് ലൈൻ വലിച്ച സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ |
| | അടങ്കൽ | 3,00,000(തനത് ഫണ്ട്) |
| | ചെലവ്/ബിൽ നം/തിയ്യതി | 2,98,272(Vr N0. 22000553/09.10.20) |
| 2. | പ്രോജ്കട് നമ്പർ പേര് | 220/21 സ്ട്രീറ്റ് ലൈൻ നിലവിലുള്ള സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ |
| | അടങ്കൽ | 1,00,000(തനത് ഫണ്ട്) |
| | ചെലവ്/ബിൽ നം/തിയ്യതി | 96,317(Vr N0. 22000554/09.10.20) |

പ്രൊജക്റ്റ് നം 219/21 പ്രകാരം സ്ട്രീറ്റ് ലൈൻ വലിച്ച സ്ഥലങ്ങളിൽ 96 എണ്ണം 36 W LED തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി 2,98,272രൂപയും പ്രൊജക്റ്റ് നം 220/21 പ്രകാരം സ്ട്രീറ്റ് ലൈൻ നിലവിലുള്ള സ്ഥലങ്ങളിൽ 31 എണ്ണം 36 W LED തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി 96,317രൂപയും ക്രൂസിന് നല്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കാവശ്യമായ തെരുവ് വിളക്കുകളുടെ വിതരണം ,സ്ഥാപിക്കൽ, പരിപാലനം എന്നിവ നടപ്പിലാക്കുമ്പോൾ സ്വീകരിക്കേണ്ട വ്യവസ്ഥകളുമായി ബന്ധപ്പെട്ട സ ഉ.(സാധാ)നം3140/2015/തസ്വഭവ. തി 16.10.15 പ്രകാരം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ കെ എസ് ഇ ബിയിൽ നിന്നും ക്ലീയറൻസ് സർട്ടിഫിക്കറ്റ് വാങ്ങിയതിന് ശേഷമാണ് സപ്ലൈ ഓർഡർ നല്കേണ്ടത്. സ്ഥാപനത്തെ ജോലി ഏല്പിച്ചു കഴിഞ്ഞാൽ 3 ആഴ്ചക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയായി 15 ദിവസത്തിനകം പെയ്മെന്റ് നടത്തേണ്ടതാണ്.

മേൽ പരാമർശിച്ച പ്രൊജക്റ്റുകൾ പ്രകാരം തുക അനുവദിച്ചത് സംബന്ധിച്ച് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (30/25.08.21)നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല.

1. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സപ്ലൈ ഓർഡർ നൽകിയതിന്റെയും ആയതുപ്രകാരം ഏതെല്ലാം വാർഡുകളിലാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുന്ന രേഖകൾ

2തെരുവ് വിളക്ക് സ്ഥാപിച്ചതിന്റെ ക്രൂസിൽ നിന്നുള്ള സാക്ഷ്യ പത്രം (ഇൻസ്റ്റലേഷൻ സാക്ഷ്യ പത്രം),

3.ഏതെല്ലാം വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന തെരുവ് വിളക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ,

4.തെരുവ് വിളക്ക് സ്ഥാപിച്ചതിന് ശേഷം കെ എസ് ഇ ബിക്ക് സൂപ്പർ വിഷൻ ചാർജ്ജ് ഒടുക്കിയതിന്റെ വിവരം

5. ക്രൂസിന് നൽകിയ സപ്ലൈ ഓർഡർ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നും പ്രവൃത്തിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് സാക്ഷ്യ പത്രം

രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ (2,98,272 രൂപ +96,317രൂപ) ₹394589/- തടസ്സപ്പെടുത്തുന്നു

**1-19 കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കൽ- ചെലവ് രേഖകൾ ഹാജരാക്കിയില്ല.6,98,293 രൂപ തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി നടുവിൽ ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ പേര് | 190/21 പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കൽ. |
| അടങ്കൽ | 7,00,000(ധന കാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ്/ ബിൽ നം/ തിയ്യതി | ട്രഷറി റഫറൻസ് നം. 6,98,293 (201909526500058539) |

പഞ്ചായത്ത് പരിധിയിലെ എല്ലാ വാർഡുകളിലെയും കേടായ ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയ പ്രൊജക്ട് പ്രകാരം 6,98,293 രൂപ ക്രൂസിന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളും വൗച്ചറുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് തുകയ്ക്ക് ആധാരമായ മുഴുവൻ രേഖകളും (ഓരോ വാർഡിലെയും കേടായ തെരുവ് വിളക്കുകളുടെ എണ്ണവും മാറ്റി സ്ഥാപിക്കുന്നതിന് നിരക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കുന്ന രേഖകളും ഉൾപ്പടെ) ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 6,98,293 രൂപ തടസ്സപ്പെടുത്തുന്നു.

**1-20 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല. 2,23,342 രൂപ തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, നടുവിൽ ഗ്രാമപഞ്ചായത്ത് |
| പ്രോജ്കട് നമ്പർ പേര് | 17/21 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 2,50,000(തനത് ഫണ്ട്) |
| ചെലവ്/ബിൽ നം/ തിയ്യതി | 1,98,985(Vr N0. 22001011/26.02.21) |

നടുവിൽ ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി 5കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി കെൽട്രോണിന് പ്രൊഫോർമ ഇൻവോയിസ് പ്രകാരം 1,98,985 രൂപ നൽകിയിട്ടുണ്ട്. ആയതുപ്രകാരം കെൽട്രോണിൽ നിന്നും ലഭിച്ച കമ്പ്യൂട്ടറുകളുടെ കാഷ് ഇൻവോയിസും ആയതിന്റെ സ്പെസിഫിക്കേഷൻ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയതിന്റെ സാക്ഷ്യപത്രം,സർക്കുലർ നം 86/ 2010ഫിൻ തിയ്യതി 24 .09. 2010 പ്രകാരം സൂക്ഷിച്ചിട്ടുള്ള കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്കുള്ള പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (31/25.08.21)നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല.

തൻവർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം പ്രൊജക്ടുമായി ബന്ധപ്പെട്ട് 2,23,342 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. പരിശോധനക്ക് ഹാജരാക്കിയ ഫയലിൽ 1,98,985 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ്

ഹാജരാക്കിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട 24,357 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല.

ഖണ്ഡികയിൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 2,23,342 രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 വിവിധ ഓഫീസുകളിലേക്ക് ഫർണിച്ചർ വാങ്ങൽ- രേഖകൾ ഹാജരാക്കിയില്ല.60,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി നടുവിൽ ഗ്രാമപഞ്ചായത്ത് |
| പ്രോജ്കട് നമ്പർ പേര് | 193/21 പഞ്ചായത്ത് ഓഫിസിലേക്കും ഘടക സ്ഥാപനങ്ങളുടെ ഓഫീസിലേക്കും ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 60,000(വികസന ഫണ്ട് ജനറൽ) |
| ചെലവ്/ ബിൽ നം/ തിയ്യതി | 60,000 (20190952006500028245) |

പദ്ധതിയുടെ ഭാഗമായി അർജ്ജുൻ അസോസിയേറ്റ്സ്, മുല്ലക്കൊടി എന്ന സ്ഥാപനത്തിൽ ഇൻവോയിസ് നം - AR32/10.02.2020പ്രകാരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രൊജക്ട് റിപ്പോർട്ട്, ഫർണിച്ചർ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖകൾ, പദ്ധതിയുമായി ബന്ധപ്പെട്ട പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (34/23.08.21)നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് ഏത് രീതിയിൽ ഫർണിച്ചർ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്നും ആയവ എങ്ങിനെ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് വിതരണം ചെയ്തിട്ടുള്ളത് എന്നും വ്യക്തമല്ല.

| നം | എണ്ണം | ആകെ വില |
|---|---|---|
| ടേബിൾ 1.2X .6 | 5 | 22,985 |
| ടേബിൾ3X2 | 1 | 2,700 |
| പ്ലാസ്റ്റിക്ക് കസേരarmless | 350 | 1,36,500 |
| സ്റ്റീൽ അലമാര78"X36 | 5 | 49,235 |
| എയർ പോർട്ട് കസേര 3 Seat | 2 | 11,192 |
| ആകെ | | 2,22,612 |

1,62,612 രൂപ 2019-20 വർഷം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ തൻവർഷത്തെ ചെലവ് തുകയായ 60,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ :സെക്രട്ടറി , നടുവിൽ ഗ്രാമപഞ്ചായത്ത്

പ്രോജ്കട് നമ്പർ പേര് : 1/21/ഐ കെ എം ന് വിഹിതം നൽകൽ

അടങ്കൽ :108859 (വികസന ഫണ്ട്, ജനറൽ)

ചെലവ്/ബി-ൽ നം/തിയ്യതി :108859 ( ട്രഷറി റഫറൻസ് നം.20190952006500211694)

ഐ കെ എം ന് വിഹിതം നൽകൽ എന്ന പദ്ധതിയുടെ ഭാഗമായി പ്ലാൻ ഫണ്ടിന്റെ 0.25 ശതമാനം പ്രവർത്തനഫണ്ടായി ഐ കെ എമിന് നൽകണമെന്ന സർക്കാർ നിർദ്ദേശമനസരിച്ച് 1,08,859 രൂപ മേൽ പരാമർശിച്ച ബിൽ പ്രകാരം നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-23 ജലജീവൻ - കേരള വാട്ടർ അതോറിറ്റിക്ക് പഞ്ചായത്ത് വിഹിതം നൽകൽ -രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി നടുവിൽ ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ പേര് | 271/21 ജലജീവൻ പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റിക്ക് പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | 22,500(തനത് ഫണ്ട് ) |
| ചെലവ്/ വൗച്ചർ നം/ തിയ്യതി | 22,500 /22000573/12.10.20 |

കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 15% പഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃവിഹിതവും ഉൾപ്പെടുത്തി 5 വർഷം കൊണ്ട് മുഴുവൻ ഗ്രാമീണ കുടുംബങ്ങൾക്കും ടാപ്പ് കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യം നടപ്പിലാക്കുന്നതിന് സ ഉ (സാധാ) നം541/2020/WRD/21.08.20 ലെ നിർദ്ദേശപ്രകാരം 10 ഗുണഭോക്താക്കൾക്ക് കണക്ഷൻ നല്കുന്നതിന് വകയിരുത്തിയ തുകയായ 1,50,000/- രൂപയുടെ പഞ്ചായത്ത് വിഹിതമായ 15% തുക 22,500 രൂപ കേരള വാട്ടർ അതോറിറ്റി, തളിപ്പറമ്പ സബ് ഡിവിഷന് 15ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റിനോടൊപ്പം നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ച് മുൻഗണനാലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (33/25.08.21) നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 100% നികുതി പിരിവ് ലക്ഷ്യം കൈവരിച്ചതിനുള്ള പാരിതോഷികം-അടിസ്ഥാന ശമ്പളം നികുതി പിരിവിന്റെ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ വീതിച്ചില്ല.

വൗച്ചർ നം:22000981 തി:23.2.21

2018-19 വർഷത്തെ 100% നികുതി പിരിവ് ലക്ഷ്യം കെവരിച്ചതിന് പാരിതോഷികമായി നടുവിൽ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം സേവനം അനുഷ്ഠിച്ച നാല് സെക്രട്ടറിമാർക്കും കൂടി ₹24250 തനതു ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. 2018-19 വർഷം അവർ സേവനം അനുഷ്ഠിച്ച കാലയളവിന്റെ അടിസ്ഥാനത്തിലാണ് മേൽ തുക വീതിച്ച നൽകിയിരിക്കുന്നത്.എന്നാൽ കേരളാ പഞ്ചായത്തുരാജ് ജേണലിന്റെ സർക്കലർനം.1602 പ്രകാരം ജീവനക്കാർക്ക് പാരിതോഷികം വീതിച്ചു നൽകുമ്പോൾ അത് അവർ സേവനം അനുഷ്ഠിച്ച കാലത്ത് നടത്തിയ നികുതി പിരിവിന്റെ ശതമാനത്തിന്റെ അടിസ്ഥാനത്തിലാണ് നൽകേണ്ടത്.കൂടാതെ ഒന്നിൽക്കൂടുതൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 100% ലക്ഷ്യം കൈവരിച്ചതിനുള്ള റിവാർഡ് കൈപ്പറ്റുന്ന ജീവനക്കാർക്ക് രണ്ട് ഗ്രാമപഞ്ചായത്തുകളിൽ നിന്നുമായി കിട്ടുന്ന ആകെ തുക മാർച്ച് മാസത്തെ അടിസ്ഥാന ശമ്പളത്തിൽ കവിയുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 വെള്ളക്കരം-പ്രവർത്തന ക്ഷമമായ ടാപ്പുകൾക്ക് മാത്രമാണ് വെള്ളക്കരം ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 27 പൊതുടാപ്പുകളാണ് നടുവിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത്. ഈ ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം ₹ 11,813 ഒടുക്കുന്നുണ്ട്. പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഡിമാൻഡ് ചെയ്യുന്നുണ്ടോ എന്ന് വ്യക്തമല്ല. 23.06.2006 ലെ സർക്കാർ ഉത്തരവ് (സാധാ)1501/2006/തസ്വഭവ, 28.09.2011ലെ സർക്കാർ ഉത്തരവ് (സാധാ) 2242/തസ്വഭവ എന്നിവ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന പൊതുടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്.സ.ഉ.(സാധാ) നം. 6105/2019/ധന തി. 01.08.2019, സ.ഉ.(സാധാ) നം. 10050/2019/ധന.തി.21.12.2019 എന്നീ ഉത്തരവുകളിലും സംയുക്ത പരിശോധന നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. 26.2.21 ന വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന

നടത്തിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. റിപ്പോർട്ട് ലഭ്യമാക്കി പ്രവർത്തന ക്ഷമമായ ടാപ്പുകൾക്ക് മാത്രമാണ് വെള്ളക്കരം ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.കൂടുതൽ ഗാർഹിക കണക്ഷനുകൾ നൽകി പൊതു ടാപ്പുകൾ ക്രമേണ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 പത്തിമുണ്ട-തോട്ടപ്പള്ളി കവല റോഡ് ടാറിംഗ്-5ലക്ഷം രൂപ അഡ്വാൻസ് വാങ്ങി 6 വർഷം കഴിഞ്ഞിട്ടുംപ്രവൃത്തി പൂർത്തീകരിച്ചില്ല.പട്ടികവർഗ്ഗവികസനവകുപ്പ് അനുവദിച്ച തുക തിരിച്ചടക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചില്ല.

2014-15 സാമ്പത്തികവർഷം പട്ടികവർഗ്ഗവികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി പത്തിമുണ്ട-തോട്ടപ്പള്ളി കവല റോഡ് ടാറിംഗ് പ്രവൃത്തിക്കായി 15 ലക്ഷം രൂപ നടുവിൽ ഗ്രാമപഞ്ചായത്തിന് അനുവദിക്കുകയും പ്രസ്തുത ഫണ്ടിൽ നിന്നും 5,00,000/-രൂപ പ്രവൃത്തിയുടെ ഗുണഭോക്തൃസമിതി കൺവീനറായ ശ്രീ എം.കെ രാഘവന് മുൻകൂറായി അനുവദിക്കുകയുമുണ്ടായി.വിശദവിവരം ചുവടെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 21500086/29-04-2015 | 4,00,000 |
| 21500061/21-04-2015 | 1,00,000 |

31-03-2016 ന് കാലാവധി അവസാനിച്ച പ്രവൃത്തിയുടെ കരാർ ഇതുവരെ പുതുക്കിയിട്ടില്ല.കൺവീനർക്ക് അഡ്വാൻസ് അനുവദിച്ച് 6 വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ഇതുവരെ ആരംഭിക്കുകയോ കൺവീനർക്ക് നൽകിയ അഡ്വാൻസ് തുക റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് പലിശ സഹിതം തിരിച്ച് പിടിച്ച് അനുവദിച്ച മൊത്തം തുക(15 ലക്ഷം രൂപ) സർക്കാരിലേക്ക് തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. തുക തിരിച്ചടക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് പട്ടികവർഗ്ഗവികസനവകുപ്പിൽ നിന്നുള്ള കത്തുകളിൻമേൽ ഗ്രാമപഞ്ചായത്ത് ഫലപ്രദമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 36/26.08.2021) മറുപടി നൽകിയിട്ടില്ല.

## 1-27 ഓൺലൈൻ വിദ്യാസഹായി സ്കീം- 56 ടി വി സെറ്റുകൾ വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് അനുവദിച്ച 560000 വിനിയോഗിക്കാതെ കിടക്കുന്നു.

ഓൺലൈൻ വിദ്യാസഹായി സ്കീം പ്രകാരം നടുവിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടി, സാംസ്കാരിക നിലയം, ഗ്രന്ഥാലയങ്ങൾ, പബ്ലിക്ക് ലൈബ്രറി തുടങ്ങിയ 55സ്ഥാപനങ്ങളിൽ ടെലിവിഷൻ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ പ്രകാരം 550000 രൂപ (ചെക്ക് നമ്പർ-035122/ തീയതി 21-10-2020, ഫെഡറൽ ബാങ്ക്, ആലക്കോട്) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ആലക്കോട് ശാഖയിൽ നിന്ന് ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ 10000/-രൂപ (ചെക്ക് നമ്പർ-035069/ തീയതി 16-09-2020,ഫെഡറൽ ബാങ്ക് , ആലക്കോട്) ഗാന്ധി മെമ്മോറിയൽ ലൈബ്രറി പുലിക്കുരുമ്പക്ക് വേണ്ടിയും ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്.പ്രസ്തുത സ്കീം പ്രകാരം സാംസങ് 32" HD LED TVവാങ്ങി ഇതുവരെയായും 56 സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടില്ല. കോവിഡ് സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസത്തിനായി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് അനുവദിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന നടപടി അംഗീകരിക്കാവുന്നതല്ല. ഗ്രാമീണമേഖലയിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് വേണ്ടി അനുവദിച്ച തുക വിനിയോഗിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ആയുർവ്വേദം

പ്രോജക്ടിന്റെ പേര് : ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ : 129/20-21

അടങ്കൽ : 300000/- (മെയിന്റനസ് ഫണ്ട് റോഡിതരം)

ചെലവ് : 300000/-

ബിൽ നമ്പർ /തീയതി തുക – 1/20-21/ 12.11.20/ 300000/-

മേൽ പദ്ധതി പ്രകാരം ആയുർവ്വേദ ഡിസ്പൻസറിക്ക് മരുന്ന് ലഭ്യമാക്കുന്നതിനു വേണ്ടി 300000/- രൂപ മാനേജിംഗ് ഡയറക്ടർ ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ 284984/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ എന്ന് ഓഡിറ്റ്

അന്വേഷണം(AE20-21,7/11-8-21) നൽകിയതിന് മറുപടി ഹാജരാക്കിയത്.ബാക്കി തുകയായ 15016/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ നൽകൽ-അപാകങ്ങൾ-₹14,400 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നം | 13/20-21 |
| പ്രോജക്റ്റിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ(എസ്.ടി.) |
| അടങ്കൽ | 2,85,950(ടി.എസ്.പി)<br>1150(തനത്) |
| ചെലവ് | 2,37,600(ടി.എസ്.പി) |
| ബിൽ നം/തിയതി | 362/29.3.21 |

നടുവിൽ ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരായ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് സർക്കാർ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/തസ്വഭവ തി.14.2.18ഖ.7.1.13.2 ൽ പ്രതിപാദിച്ചിരിക്കുന്ന സ്പെസിഫിക്കേഷൻസ് ഉള്ള കട്ടിലുകൾ വാങ്ങി നൽകുന്നതിനാണ് മേൽ പ്രൊജക്റ്റ്. ജെ.കെ.ഫർണിച്ചർ ഇൻഡസ്ട്രീസ്, തേർത്തല്ലിയിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ മുഖേന ₹3,600 വിലയുള്ള 66 കട്ടിലുകളാണ് വാങ്ങി വിതരണം ചെയ്യുന്നത്.പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1.വിതരണം ചെയ്യേണ്ട 66 കട്ടിലുകളുടെ തടിയുടെ തരം ക്ഷമതയുള്ള ഓഫീസർ സ്ഥാപനത്തിൽചെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും കട്ടിലിന്റെ അളവുകൾ ടെണ്ടർ നോട്ടീസ് പ്രകാരമാണോയെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.വിതരണം ചെയ്യാനായി പഞ്ചായത്തിൽ ലഭ്യമാക്കിയ കട്ടിലുകളുടെ സ്പെസിഫിക്കേഷനുകൾ ടെണ്ടർ നോട്ടീസ് പ്രകാരമാണോയെന്ന സാക്ഷ്യപ്പെടുത്തലില്ല.

3.താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തതായി കാണുന്നില്ല.

| |
|---|
| നാണ കണ്ണാ |
| ജാനകി പ്രാൺ മൈക്കാട് |
| തമ്പായി ചപ്പിലി |
| നാരായണി ചപ്പിലി |

വിതരണം ചെയ്യാത്ത കട്ടിലിന്റെ തുകയായ ₹14,400 തടസ്സപ്പെടുത്തുന്നു.മേൽ അപാകങ്ങളുമായി ബന്ധപ്പെട്ട നൽകിയ എൻക്വയറിക്ക് (നം.5/9.8.21) ആയവ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ക്വട്ടേഷൻ/ടെണ്ടർ മുഖാന്തിരം വാങ്ങൽ നടത്തുമ്പോൾ വിതരണത്തിനായി സ്ഥാപനത്തിൽ എത്തിക്കുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷനുകൾ ടെണ്ടർ നോട്ടീസ്/പദ്ധതി,സബ്സിഡി മാർഗ്ഗരേഖ എന്നിവയിൽ പരാമർശിക്കും പ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.വിതരണം ചെയ്യാതെ അവശേഷിക്കുന്ന 4 കട്ടിലുകൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 വയോജനങ്ങൾക്ക് കട്ടിൽ നൽകൽ(എസ്.ടി.)-വിതരണത്തിനായി ലഭ്യമാക്കിയ കട്ടിലുകളുടെ സ്പെസിഫിക്കേഷനുകൾ ഉറപ്പുവരുത്തിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്റ്റ് നം | 178/20-21(Spill Over 77/19-20) |
| പ്രോജക്റ്റിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ(എസ്.ടി.) |
| അടങ്കൽ | 3,74,100(ടി.എസ്.പി)<br>3900(തനത്) |
| ചെലവ് | 3,73,800(ടി.എസ്.പി) |
| ബിൽ നം/തിയതി | 11/11.4.20 |

അർജ്ജുൻ അസോസിയേറ്റ്സ്,അരിമ്പ എന്ന സ്ഥാപനത്തിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ മുഖേന ₹4,200 വിലയുള്ള 89 കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

1.കട്ടിലിന്റെ ഗുണനിലവാരം,സ്പെസിഫിക്കേഷൻ എന്നിവ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.ലഭിച്ച കട്ടിലുകളുടെ സ്പെസിഫിക്കേഷനുകൾ ടെണ്ടർ നോട്ടീസ് പ്രകാരമാണോയെന്ന സാക്ഷ്യപ്പെടുത്തലില്ല.

മേൽ അപാകങ്ങളുമായി ബന്ധപ്പെട്ട നൽകിയ എൻക്വയറിക്ക് (നം.5/9.8.21) ആയവ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ക്വട്ടേഷൻ/ടെണ്ടർ മുഖാന്തിരം വാങ്ങൽ നടത്തുമ്പോൾ വിതരണത്തിനായി സ്ഥാപനത്തിൽ എത്തിക്കുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷനുകൾ ടെണ്ടർ നോട്ടീസ്/ പദ്ധതി,സബ്സിഡി മാർഗ്ഗരേഖ എന്നിവയിൽ പരാമർശിക്കും പ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-31 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം-ലാപ്ടോപുകൾ ലഭ്യമായിട്ടില്ല-₹2,45,061 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 18/20-21 |
| പ്രോജക്റ്റിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം(എസ്.സി.) |
| അടങ്കൽ | 2,34,000(എസ്.സി.പി.)<br>18,000(തനത്) |
| ചെലവ് | 2,34,000(എസ്.സി.പി.)<br>11,061(തനത്) |
| ബിൽ നം/ തിയതി | 294/10.3.21<br>344/26.3.21 |

നടുവിൽ ഗ്രാമപഞ്ചായത്തു പരിധിയിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന 9 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിനാണ് പ്രൊജക്ട്. CPRCS Portal മുഖേന നേരിട്ടു വാങ്ങുന്നതിനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്. ആയതിൻ പ്രകാരം ₹27,229 വിലയുള്ള 9 കമ്പ്യൂട്ടറുകൾ കെൽട്രോണിൽ നിന്ന് ഓഡർ ചെയ്യുകയും ₹2,45,061, 10.3.21,26.3.21 എന്നീ തിയതികളിലായി മുൻകൂർ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല. ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതുവരെ ₹2,45,061 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയതു സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് ലാപ്ടോപുകൾ ഉടൻ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലാപ്ടോപ് വിതരണം സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മറ്റി ഉറപ്പു വരുത്തേണ്ടതാണ്.കൂടാതെ ബിരുദ,ബിരുദാനന്തര,ഡിപ്ലോമ വിദ്യാർത്ഥികൾക്ക് പഠനസഹായത്തിനായി നൽകുന്ന ലാപ്ടോപ് അവരുടെ പഠനകാലയളവിന്റെ മധ്യത്തിലെങ്കിലും ലഭ്യമാകുന്ന രീതിയിൽ പ്രൊജക്റ്റുകൾ ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആയതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ- 22315/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
പ്രോജക്ടിന്റെ പേര് : പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ : SO120/20-21

അടങ്കൽ : 250000/- (മെയിന്റനസ് ഫണ്ട് റോഡിതരം)

ചെലവ് : 250000/-

ബിൽ നമ്പർ /തീയതി തുക – 9/20-21 /20-21/24.9.20/210000

( ബിൽ നമ്പർ ലഭ്യമല്ല ) 40000/-

മേൽ പദ്ധതി പ്രകാരം പി.എച്ച്.സി ക്ക് മരുന്ന് വാങ്ങുന്നതിനായി 210000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും, 40000/- രൂപ പ്രധാൻ മന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്രം, കരുവഞ്ചാലിന് നൽകിയിട്ടുണ്ട്. ഇതിൽ പ്രധാൻ മന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്രം, കരുവഞ്ചാലിന് നല്കിയ 40000 /- രൂപയുടെ മരുന്നും , കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയ 210000/- രൂപയിൽ 187685/- രൂപയുടെ മരുന്നുകളും

ലഭ്യമായതിന്റെ രേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയുള്ളൂ.ബാക്കി തുകയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AE20-21,17/11-8-21), ലഭ്യമാക്കിയ മറുപടിയിൽ മേൽ തുകയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നും ബാക്കി തുകയായ 22315/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-33 സാന്ത്വന പരിചരണം - ₹178167 യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

പ്രോജക്ടിന്റെ പേര് - ഗൃഹകേന്ദ്രീകൃത സാന്ത്വന പരിചരണം

പ്രോജക്റ്റ് നമ്പർ - 170/20-21 (സ്പിൽ ഓവർ)

വികസനഫണ്ട്- 95512

ജില്ലാപഞ്ചായത്ത് - 500000

ബ്ലോക്ക് പഞ്ചായത്ത് - 500000

ആകെ അടങ്കൽ - 1095512

ബിൽ നം/തീയതി/തുക – 10/20-21, 23.9.20, 95512/-

ജില്ലാപഞ്ചായത്ത് - 447693 (Direct Transfer)

കിടപ്പിലായ രോഗികളുടെ പരിചരണവും ശുശ്രൂഷയും നടത്തുന്നതിനുവേണ്ടി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 543205/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനു വേണ്ടി മേൽ പ്രകാരം പണം പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ,തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ അക്കൗണ്ട് നമ്പർ 3624001800000019 ൽ നിക്ഷേപിച്ചിട്ടുണ്ട്.എന്നാൽ നാളിതുവരെ 365038/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 178167/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 17.8.21നൽകിയ 16/2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 178167/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-34 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -217809 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പി.എച്ച്.സി
പ്രോജക്ടിന്റെ പേര് : ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ
പ്രോജക്റ്റ് നമ്പർ : SO135/20-21
അടങ്കൽ : 500000/- (മെയിന്റനസ് ഫണ്ട് റോഡിതരം)

ചെലവ് : 500000/-
ബിൽ നമ്പർ /തീയതി തുക – 5/20-21/ 8.9.20/ 500000/-

മേൽ പദ്ധതി പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി 500000/- (നടുവിൽ ഹോമിയോ ആശുപത്രിയിലേക്കും (250000/-), പുലിക്കുരുമ്പ ഹോമിയോ ആശുപത്രിയിലേക്കും (250000/-) മാനേജിംഗ് ഡയറക്ടർ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുകയുടെമരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AE20-2118/17-8-21)ലഭ്യമാക്കിയ മറുപടിയിൽ 282116/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ എന്നും 217809/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല എന്നുമാണ് അറിയിച്ചത്. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 പാലിയേറ്റീവ് പരിചരണം:- ഗുണഭോക്തൃലിസ്റ്റ് വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രോജക്ടിന്റെ പേര്- പാലിയേറ്റീവ് പരിചരണം

പ്രോജക്റ്റ് നമ്പർ- SO121/20-21

വികസനഫണ്ട്-500000

ജില്ലാപഞ്ചായത്ത്- 500000

ബ്ലോക്ക് പഞ്ചായത്ത്- 500000

ആകെ അടങ്കൽ - 1500000

ആകെ ചെലവ്- 427344

29.10.15ലെ സഉ(സാധാ) നമ്പർ 3217/2015/തസ്വഭവ ഉത്തരവിലെ 2-5(6)പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്ബ് സൈറ്റിലുള്ള ലിസ്റ്റുകളിലും വരുത്തേണ്ടതാണെന്നും വെബ്ബ് സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്റ്റിൽനിന്നും തുക ചെലവഴിക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നടുവിൽ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളുടെ പേര് വിവരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെയാണ് പ്രസ്തുത വർഷം ചെലവ് നടത്തിയിട്ടുള്ളത്. ഈ കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-36 വയോജനങ്ങൾക്ക് കട്ടിൽ വിതരണം(ജനറൽ)- അപാകങ്ങൾ

നിർവഹണം -ഐ സി ഡി എസ് സൂപ്പർവൈസർ
പ്രോജക്റ്റിന്റെ പേര്-കട്ടിൽ വിതരണം (ജനറൽ)
പ്രോജക്റ്റ് നം- SO110/20-21

അടങ്കൽ-247950(വികസനഫണ്ട്)

ചെലവ് -205200/-

ബിൽ നം/തിയതി-18/20-21/30-3-21/205200

മേൽ പദ്ധതി പ്രകാരം ജെ.കെ.ഫർണിച്ചർ ഇൻഡസ്ട്രീസ്, തേർത്തല്ലിയിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ മുഖേന ₹3600 രൂപയുടെ 57 കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു

1.കട്ടിലിന്റെ ഗുണനിലവാരം,സ്പെസിഫിക്കേഷൻ എന്നിവ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.ലഭിച്ച കട്ടിലുകളുടെ സ്പെസിഫിക്കേഷനുകൾ ടെണ്ടർ നോട്ടീസ് പ്രകാരമാണോയെന്ന സാക്ഷ്യപ്പെടുത്തലില്ല.

മേൽ അപാകങ്ങളുമായി ബന്ധപ്പെട്ടു നൽകിയ എൻക്വയറിക്ക് (നം.6/11-8-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്വട്ടേഷൻ/ടെണ്ടർ മുഖാന്തിരം വാങ്ങൽ നടത്തുമ്പോൾ വിതരണത്തിനായി സ്ഥാപനത്തിൽ എത്തിക്കുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷനുകൾ ടെണ്ടർ നോട്ടീസ്/പദ്ധതി,സബ്സിഡി മാർഗ്ഗരേഖ എന്നിവയിൽ പരാമർശിക്കുംപ്രകാരമാണെന്ന്ഉറപ്പുവരുത്തേണ്ടതാണ്.

## 1-37 ഭിന്ന ശേഷി ഉള്ളവർക്ക് പെട്ടിക്കട- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ (നടുവിൽ) നടുവിൽ ഗ്രാമപഞ്ചായത്ത് |
| പ്രോജ്കട് നമ്പർ പേര് | 119/20-21 (ഭിന്ന ശേഷി ഉള്ളവർക്ക് പെട്ടിക്കട) |
| അടങ്കൽ | 90,000(വികസന ഫണ്ട്) |
| ചെലവ്/ബിൽ നം/ തിയ്യതി | 60,000/20/20.03.21 |

ഭിന്നശേഷി ഉള്ളവർക്ക് പെട്ടിക്കട സ്ഥാപിക്കുന്നതിന് പ്രൊജകക്റ്റ് പ്രകാരം ലിജൊ ജോസഫ് (വാർഡ് 2), മുഹമ്മദ് റാഫി (വാർഡ് 1) എന്നീ രണ്ട് പേർക്ക് അവരുടെ അക്കൗണ്ടുകളിലേക്ക് 30,000 രൂപ വീതം ധനസഹായം

നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗ രേഖ സ. ഉ. (കൈ) നം 22/2018/തസ്വഭവ തി.14.02.18 ഖ. 6.4.13 പ്രകാരം പെട്ടിക്കട നിർമ്മിച്ച് നൽകിയവരുടെ അക്കൗണ്ടിലേക്കാണ് സബ്സിഡി തുക അനുവദിക്കേണ്ടത്. ഈ നിർദ്ദേശത്തിന് വിരുദ്ധമായി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (23/18.08.21) നൽകിയതിന് കോവിഡ് മഹാമരി ആയതിനാലും പഞ്ചായത്ത് ഇലക്ഷനായതിനാലും ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായതിനാൽ ഗുണഭോക്താക്കൾ അവർക്ക് പരിചയമുള്ള സ്ഥാപനത്തിൽ നിന്നും പെട്ടിക്കട നിർമ്മിച്ചതിന് ശേഷം എൽ എസ് ജി ഡി ഓവർസീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയുമാണ് ഉണ്ടായത്. സർക്കാർ നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം നടത്തുന്നത് ശരിയായ നടപടിയല്ല. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ് എന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു.

## 1-38 സാധനം/സേവനം സമാഹരിക്കുന്നതിനുള്ള പ്രൊജക്ട്-ലിമിറ്റഡ് ടെണ്ടറിനു പകരം ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ GO(P) നം.259/10 തസ്വഭവ തി:8.11.10 അനുസരിച്ച് ₹25,000 നു മുകളിലും ₹1,00,000 താഴെയും അടങ്കലുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ രീതിയുമാണ് അവലംബിക്കേണ്ടത്.

എന്നാൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ 2020-21 ലെ താഴെപ്പറയുന്ന പ്രൊജക്ടുകളിൽ ₹25,000 നു മുകളിൽ വാങ്ങൽ എസ്റ്റിമേറ്റ് ഉണ്ടെങ്കിലും ക്വട്ടേഷൻ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

| പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | അടങ്കൽ | വാങ്ങിയ സാധനം/ സേവനം | വാങ്ങലിന്/ സേവനത്തിന് ചിലവായ തുക |
|---|---|---|---|---|
| 81/20-21 | വിദ്യാലയങ്ങൾക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ | 50000 | ലാബ് ഉപകരണങ്ങൾ | 49175 |
| 20/20-21 | കായിക പരിശീലനം-സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ | 75,000 | സ്പോർട്സ് ഉപകരണങ്ങൾ | 75000 |
| 274/20-21 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും | 50,000 | സ്റ്റീൽ മേശയും ഫൈബർ കസേരയും | 23500 |
| 84/20-21 | സർക്കാർ വിദ്യാലയങ്ങളിലെ കിണറുകൾക്ക് ഇരുമ്പുമറ സ്ഥാപിക്കൽ | 100000 | 3 സ്കൂളുകളിലെ കിണറുകൾക്ക് ഇരുമ്പുമറ സ്ഥാപിക്കൽ | 67500 |

ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.) ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ₹25,000 നു മുകളിലും ₹1,00,000 താഴെയും അടങ്കലുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ രീതി അവലംബിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 തുരുമ്പി മഞ്ഞുമല റോഡ് ടാറിംഗ് റീ ടാറിംഗ്-ടെണ്ടർ ബിലോ കുറവ് ചെയ്തില്ല-39787

രൂപ കരാറുകാരന് അധികം തുക നൽകി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ | SO 249/21, (133/20) |
| പ്രൊജക്ടിന്റെ പേര് | തുരുമ്പി മഞ്ഞുമല റോഡ് ടാറിംഗ് റീ ടാറിംഗ് |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്-5,00,000 |
| ചെലവ് തുക | 4,94,935 രൂപ |
| വൗച്ചർ നമ്പർ,തീയതി/ തുക | 71/20-21 തീയതി 09-02-2021 4,94,935 രൂപ |
| കരാറുകാരന്റെ പേര് | സജീർ.ടി.എം.വി |
| ക്വാട്ട് ചെയ്ത നിരക്ക് | 408524.35 (With Out Taxes) (8% Below Estimate Rate ) |
| എം.ബുക്ക് നമ്പർ | 34/2019-20 |

പ്രസ്തുത പ്രവൃത്തി ശ്രീ സജീർ.ടി.എം.വി 8% Below Estimate Rate നിരക്കിലാണ് ക്വാട്ട് ചെയ്തിട്ടുള്ളത്.എന്നാൽ ആകെ പ്രവൃത്തി മൂല്യത്തിൽ (444048) നിന്നും 8% കുറവ് ചെയ്യാതെ തുക അനുവദിച്ചതിനാൽ 39787 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | കൊടുത്ത തുക | കൊടുക്കാവുന്ന തുക | അധികമായി കൊടുത്ത തുക |
|---|---|---|---|
| Value Of Work Done | 444048 | 444048 | - |
| Deduct 8% Tender Below | 0 | 35524 | |
| Deduct Cost Of Empty Barrel (21 X238) | 2142 | 2142 | - |
| Total | 441906 | 406382 | 35524 |
| Add 12% GST Compensation | 53029 | 48766 | 4263 |
| Total | 494935 | 455148 | 39787 |

കരാറുകാരന് അധികം നൽകിയ 39787 രൂപ ഈടാക്കേണ്ടതാണ്.

## 1-40 നടുവിൽ സ്കൂൾ തോയാട് വിളക്കന്നൂർ റോഡ് ടാറിംഗ് പ്രവർത്തി-കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ വീഴ്ച-ഗ്രാമപഞ്ചായത്തിന് 16,409 രൂപയുടെ അധികചെലവ്.

നടുവിൽ സ്കൂൾ തോയാട് വിളക്കന്നൂർ റോഡ് ടാറിംഗ് പ്രവർത്തിയിൽ 21-10-2020ന് നടന്ന ടെണ്ടറിൽ മൂന്ന് ടെണ്ടറുകളാണ് ലഭിച്ചത് .വിശദവിവരം ചുവടെ കൊടുക്കുന്നു.

| കരാറുകാര്നറെ പേര് | ടെണ്ടർ നിരക്ക് | നിരക്ക് |
|---|---|---|
| സണ്ണി ജോസഫ് | 4ശതമാനം കുറഞ്ഞ നിരക്കിൽ | 257012 |
| അനിൽകുമാർ.പി.ബി | 9.99 ശതമാനം കുറഞ്ഞ നിരക്കിൽ | 240982 |
| സജി സെബാസ്റ്റ്യൻ | 9.999ശതമാനം കുറഞ്ഞ നിരക്കിൽ | 240959 |

മേൽ സൂചിപ്പിച്ച പട്ടിക പ്രകാരം ശ്രീ സജി സെബാസ്റ്റ്യൻ ആണ് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നൽകിയിട്ടുള്ളത്.കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാതെ, രണ്ട് കരാറുകാർ ഒരേ നിരക്കിലുള്ള ടെണ്ടറാണ് ക്വാട്ട് ചെയ്തിട്ടുള്ളതെന്നും ആയതിനാൽ മേൽ പ്രവൃത്തിയുടെ ടെണ്ടർ ഒരിക്കൽ കൂടി സമർപ്പിക്കണമെന്നും ആവശ്യപ്പെട്ട് കൊണ്ട് കരാറുകാരായ അനിൽകുമാർ.പി.ബി,സജി സെബാസ്റ്റ്യൻ എന്നിവർക്ക് ടെണ്ടർ ചെയ്യാൻ ഉദ്ദേശിക്കുന്ന തുക അടങ്ങുന്ന കത്ത് ഒരു കവറിൽ സീൽ ചെയ്ത് സമർപ്പിക്കുന്നതിന് 22-10-2020തീയതി 3 മണി വരെ സമയം അനുവദിച്ച് അസിസ്റ്റന്റ് എൻജിനീയർ കത്ത് നൽകുകയുണ്ടായി.പ്രസ്തുത കത്തിന്റെയടിസ്ഥാനത്തിൽ കരാറുകാർ നൽകിയ ഓഫറിന്റെ (തീയതി രേഖപ്പെടുത്തിയിട്ടില്ല) വിശദവിവരം ചുവടെ കൊടുക്കുന്നു.

| കരാറുകാരന്റെ പേര് | ടെണ്ടർ നിരക്ക് |
|---|---|
| | |
| അനിൽകുമാർ.പി.ബി | 4.5ശതമാനം കുറഞ്ഞ നിരക്കിൽ |
| സജി സെബാസ്റ്റ്യൻ | 5ശതമാനം ഉയർന്ന നിരക്കിൽ |

ഇത് പ്രകാരം കരാറുകാർ ആദ്യം നൽകിയ ടെണ്ടറിൽ വലിയ കുറവ് വരുത്തിയാണ് ഓഫർ കത്ത് നൽകിയിരിക്കുന്നത്.1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ ചട്ടം 10 (14) പ്രകാരം ഏതൊരു പൊതുമരാമത്ത് പണിക്കും ഉപചട്ടം-14 ന് വിധേയമായി ഏറ്റവും കുറഞ്ഞ നിരക്ക് കാണിച്ചിട്ടുള്ള ടെണ്ടറാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.രണ്ടിലധികമുള്ള ദശാംശസംഖ്യ ഒഴിവാക്കിയാണ് ഒരേ നിരക്കിൽ ടെണ്ടർ ലഭിച്ചതായി കണക്കാക്കിയതെങ്കിൽ നറുക്കെടുപ്പ് രീതി അവലംബിച്ചാണ് കരാറുകാരനെ നിശ്ചയിക്കേണ്ടിയിരുന്നത്.എന്നാൽ പ്രസ്തുതനടപടി ക്രമങ്ങൾ പാലിക്കാതെ ടെണ്ടർ ചെയ്യാൻ ഉദ്ദേശിക്കുന്ന തുക രേഖപ്പെടുത്തിയ കത്ത് കരാറുകാരിൽ നിന്ന് പ്രത്യേകമായി സ്വീകരിച്ച് ടെണ്ടർ നിരക്ക് കണക്കാക്കിയ രീതി അംഗീകരിക്കുന്നില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

<table>
<tr><td>നിർവ്വഹണോദ്യോഗസ്ഥൻ</td><td colspan="3">അസിസ്റ്റന്റ് എൻജിനീയർ</td></tr>
<tr><td>പ്രൊജക്റ്റിന്റെ പേര്/നമ്പർ</td><td colspan="3">നടുവിൽ സ്കൂൾ തോയാട് വിളക്കന്നൂർ റോഡ് ടാറിംഗ് , SO-96/21</td></tr>
<tr><td>അടങ്കൽ തുക</td><td colspan="3">3,00,000 ( ധനകാര്യകമ്മീഷൻ ഗ്രാന്റ്)</td></tr>
<tr><td>എസ്റ്റിമേറ്റ് തുക (ടെണ്ടറിന് കണക്കാക്കിയത്)</td><td colspan="3">267729</td></tr>
<tr><td>ചെലവ് തുക</td><td colspan="3">285030</td></tr>
<tr><td>വൗച്ചർ നമ്പർ,തീയതി/ തുക</td><td colspan="3">84/2020-21 തീയതി 24-02-2021</td></tr>
<tr><td>കരാറുകാരന്റെ പേര്</td><td colspan="3">അനിൽകുമാർ.പി.ബി</td></tr>
<tr><td>ക്വാട്ട് ചെയ്ത നിരക്ക്</td><td colspan="3">4.5% കുറഞ്ഞ നിരക്ക്</td></tr>
<tr><td>എം.ബുക്ക് നമ്പർ</td><td colspan="3">19/2020-21</td></tr>
<tr><td rowspan="5">ബിൽ തുക കണക്കാക്കിയതിന്റെ വിവരം.</td><td rowspan="5">267729</td><td>Total Value Of Work Done</td><td>267729</td></tr>
<tr><td>(-) Tender Below</td><td>12048</td></tr>
<tr><td>(-) Cost Of Empty Barrel (5x238)</td><td>1190</td></tr>
<tr><td></td><td>254491</td></tr>
<tr><td>(+)GST Compensation</td><td>30539</td></tr>
</table>

| | | |
|---|---|---|
| | 12% | |
| | | 285030 |
| ബിൽ തുക | 285030 | |
| കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിച്ചാൽ കണക്കാക്കേണ്ടിയിരുന്ന ബിൽ തുക | Total Value Of Work Done | 267729 |
| | (-) Tender Below 9.999 | 26770 |
| | (-) Cost Of Empty Barrel (5x238) | 1190 |
| | | 239769 |
| | (+)GST Compensation 12% | 28772 |
| | | 268541 |
| | 268541 | |
| അധികചെലവ് | 16,409 | |

ടെണ്ടർ നടപടിക്രമങ്ങളിലെ വീഴ്ച മൂലം ഗ്രാമപഞ്ചായത്തിനുണ്ടായ 16,409 രൂപയുടെ അധികചെലവ് ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-41 പതിമൂണ്ട വെള്ളാട് റോഡ് ടാറിംഗ്,റീടാറിംഗ് & പാർശ്വഭിത്തികരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല. 17001 രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്.

കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges (P.A.C തുകയുടെ 0.1% തുക ,വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിലെ തുക , അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ.പതിമൂണ്ട വെള്ളാട് റോഡ് ടാറിംഗ്,റീടാറിംഗ് & പാർശ്വഭിത്തി പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ മേൽപരാമർശിച്ച ചട്ടപ്രകാമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| പ്രൊജക്റ്റിന്റെ പേര്/നമ്പർ | പതിമൂണ്ട വെള്ളാട് റോഡ് ടാറിംഗ്, റീടാറിംഗ് & പാർശ്വഭിത്തി (SO 242/21) |
| അടങ്കൽ തുക | 1350000<br>(ധനകാര്യകമ്മീഷൻ അവാർഡ്- 550000,<br>മെയിന്റനൻസ് ഫണ്ട് റോഡ്-8,00,000) |
| ടി എസ് നമ്പർ | 57941/2018-19 |
| ചെലവ് തുക | 1285992 |
| വൗച്ചർ നമ്പർ,തീയതി/ തുക | 20/19-20തീയതി 12-07-2019-550000<br>42/19-20 തീയതി 07-09-2019-562881<br>32/20-21 തീയതി 21-08-2020-134860 |
| കരാറുകാരന്റെ പേര് | അനിൽകുമാർ.പി.ബി |
| | |

| | |
|---|---|
| ക്വാട്ട് ചെയ്ത നിരക്ക് | 1311068.17 |
| എം.ബുക്ക് നമ്പർ | 7/2018-19,<br>42/2019-20 |
| ആകെ പ്രവൃത്തിമൂല്യം | 1285992 |
| എഗ്രിമെന്റ് നമ്പർ / തീയതി | AE/LSGD/NGP/7/2018-19 തീയതി 03-10-2018 |
| എഗ്രീഡ് പി എ സി | 1311068 |
| നികുതി/ക്ഷേമനിധി/ഫൈൻ/റിടെൻഷൻ<br>ഇനത്തിൽ ആകെ 128127/-രൂപ കുറവ്<br>ചെയ്ത് കരാറുകാരന് അനുവദിച്ച തുക | 1157865 |
| കരാർ പ്രകാരം പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 03-10-2018 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | (22-01-2020എം.ബുക്ക് 42/2019-20പേജ് നം.8). |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 02-04-2019 |
| വൈകിയ കാലയളവ് | 295 ദിവസം |
| ഈടാക്കേണ്ട ഫൈൻ (1311068 X0.1%X295/7) | 55252 |
| ഈടാക്കിയ ഫൈൻ | 38251 |
| കുറവ് വന്ന തുക | 17001 |

മേൽ സൂചിപ്പിച്ച നിരക്കിൽ പിഴ ഈടാക്കാതിരുന്നതിനാലുണ്ടായ 17001 രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്.

## 1-42 ഗുണഭോക്തൃസമിതി കൺവീനർമാർക്ക് വേണ്ടി 2017-18 സാമ്പത്തികവർഷം വാങ്ങിയ 148 ബാരൽ ബിറ്റുമിൻ ഉപയോഗിക്കാതെ നശിച്ചത് വഴി ഗ്രാമപഞ്ചായത്തിനുണ്ടായ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

ഗുണഭോക്തൃസമിതി മുഖേന റോഡ് ടാറിംഗ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 2017-18 സാമ്പത്തികവർഷത്തിൽ 740 ബാരൽ ബിറ്റുമിൻ വാങ്ങുന്നതിന് ബി പി സി എൽ, സിഡ്കോ, HINCOL എന്നീ സ്ഥാപനങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകുകയും 47,16,358 രൂപ ഗ്രാമപഞ്ചായത്ത് ഇതിനായി ചെലവഴിക്കുകയുമുണ്ടായി.ബി പി സി എൽ, സിഡ്കോ, HINCOL എന്നീ സ്ഥാപനങ്ങളിൽ നിന്നായി 716 ബാരൽ ബിറ്റുമിൻ/എമൽഷനാണ് ഗ്രാമപഞ്ചായത്തിന് മാർച്ച് 2018 വരെയുള്ള കാലയളവിൽ ലഭിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബിറ്റുമിൻ ഇനം | ലഭിക്കേണ്ടത് | ലഭിച്ചത് | ലഭിക്കുവാൻ ബ്ക്കിയുള്ളത് |
|---|---|---|---|
| VG30 | 587 ബാരല് | 587 ബാരല് | ഇല്ല |
| RS1 | 59 ബാരൽ | 59 ബാരൽ | ഇല്ല |
| SS1 | 70 ബാരൽ | 56ബാരൽ | 24 |
| ആകെ | 740 | 716 | 24 |

അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ സൂക്ഷിച്ച ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 148 ബാരൽ ബിറ്റുമിൻ/എമൽഷൻ 05-08-2021 തീയതിവരെയും നൽകിയിട്ടില്ലെന്ന് വ്യക്തമായിട്ടുണ്ട്. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ബിറ്റുമിൻ ഇനം | നീക്കിയിരിപ്പ് | ബാരലിന്റെ വില | ആകെ വില |
|---|---|---|---|
| VG30 | 132 | 5322.98 | 7,02,633 |
| RS1 | 16 | 6709.03 | 1,07,344 |
| SS1 | 0 | 0 | |
| ആകെ | 148 | - | 8,09,977 * |

* ട്രാൻസ്പോർട്ടേഷൻ ചാർജ് പുറമെ

(ശ്രീമതി.ഹസ്രത്ത് ബീവി മുഖേന ലഭിക്കുവാൻ ബാക്കിയുള്ള 283627 രൂപയുള്ള 24 ബാരൽ SS-1ബിറ്റുമിൻ ഇതുവരെയായും ലഭിച്ചിട്ടില്ല.ആയതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കുകയുണ്ടായില്ല)

കഴിഞ്ഞ നാല് വർഷമായി പഞ്ചായത്ത് കോംപൌണ്ടിൽ തുറന്ന സ്ഥലത്ത് സൂക്ഷിച്ചിരിക്കുന്ന SS-1,RS-1 വിഭാഗത്തിലെ എമൽഷന്റെ കാലാവധി ഉൽപ്പാദനതീയതി മുതൽ ഒരു വർഷം വരെയായതിനാൽ ആയതിന്റെ കാലാവധി കഴിഞ്ഞതായും VG-30 ബിറ്റുമിന്റെ ഗുണനിലവാരം മനസ്സിലാക്കുന്നതിന് എൻജിനീയറിംഗ് കോളേജിൽ നിന്ന് പരിശോധിച്ച റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ പറയുവാൻ സാധിക്കുകയുള്ളൂവെന്നും അസിസ്റ്റന്റ് എൻജിനീയർ അറിയിക്കുകയുണ്ടായി.

<u>വനിതാ കാന്റീന് മുൻവശം കൂട്ടിയിട്ടിരിക്കുന്ന ബിറ്റുമിൻ ബാരലുകളുടെ ചിത്രം</u>



ഗ്രാമപഞ്ചായത്തിൽ നിലവിൽ സ്റ്റോക്കുള്ള ബിറ്റുമിൻ ഏതൊക്കെ പ്രവൃത്തികൾക്ക് വേണ്ടി വാങ്ങിയിട്ടുള്ളതാണെന്ന വിശദവിവരം ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത റോഡ് പ്രവൃത്തികൾ പിന്നീടുള്ള വാർഷിക പദ്ധതികളിൽ പ്രത്യേകമായി ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത് ,ജില്ലാ പഞ്ചായത്ത് മുഖേന നിർവഹണം നടത്തിയിട്ടുണ്ടോയെന്ന് ഫയലും എസ്റ്റിമേറ്റും വിശദമായി പരിശോധിച്ച ശേഷമേ മറുപടി നൽകാനാവൂ എന്നും അസിസ്റ്റന്റ് എൻജിനീയർ അറിയിക്കുകയുണ്ടായി.ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടത്തിന്റെ കൂടുതൽ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

**1-42-1 ബിറ്റുമിൻ വാങ്ങിയ ശേഷം പ്രവൃത്തികൾ ഉപേക്ഷിച്ചു.വാങ്ങിയ ബിറ്റുമിൻ നശിച്ചുപോകുന്നു.ഗ്രാമപഞ്ചായത്തിന് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം.**

2016-17 വാർഷികപദ്ധതിയിൽ ആരംഭിച്ചതും പ്രവൃത്തികളുടെ ഭാഗമായി ബിറ്റുമിൻ വാങ്ങിയ ശേഷം 2018-19 വാർഷികപദ്ധതികൾ വരെ സ്പിൽ ഓവറായി തുടരുകയും പിന്നീട് 2019-2020 വാർഷികപദ്ധതിയിൽ ഉപേക്ഷിച്ചതുമായ പദ്ധതികൾക്ക് വേണ്ടി വാങ്ങിയ ബിറ്റുമിനാണ് കൂടുതലായി നശിച്ചുപോയിട്ടുള്ളതെന്ന് ലഭ്യമായ രേഖകളിൽ നിന്നും അസിസ്റ്റന്റ് എൻജിനീയർ നൽകിയ മറുപടിയിൽ നിന്നും വ്യക്തമാകുന്നുണ്ട്.

2016-17 വാർഷികപദ്ധതിയിൽ ആരംഭിച്ചതും പ്രവൃത്തികളുടെ ഭാഗമായി ബിറ്റുമിൻ വാങ്ങിയ ശേഷം 2018-19 വാർഷികപദ്ധതികൾ വരെ സ്പിൽ ഓവറായി തുടരുകയും 2019-2020 വാർഷികപദ്ധതി മുതൽ ഉപേക്ഷിച്ചതുമായ പദ്ധതികളുടെ വിവരങ്ങൾ.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്,നമ്പർ | പ്രവൃത്തിക്ക് വേണ്ടി അനുവദിച്ചിരുന്ന ബിറ്റുമിന്റെ വില |
|---|---|---|
| 1 | മുന്നൂർ കൊച്ചിപാലം മമ്പറത്ത് കവല കണ്ണംകുളം റോഡ് ടാറിംഗ് & ക്രോസ് ഡ്രെയിനേജ്.(76/17)<br>കൺവീനർ-ബിജു.എം.സി | 75365 |
| 2 | മുന്നൂർ കൊച്ചിപാലം നെല്ലം കുഴിത്തോട് കരാമരം തട്ട് റോഡ് റീടാറിംഗ് (77/17)<br>കൺവീനർ-വർക്കി.എൻ.ജെ | 163738 |
| 3 | ബാലവാടി നാഗത്തൊടി അമ്പലം റോഡ് ടാറിംഗ് (108/17)<br>കൺവീനർ-പ്രഭാകരൻ.പി.പി | 43441 |
| 4 | ഉത്തൂർ-കണ്ണാടിപ്പാറ റോഡ് റീ ടാറിംഗ് (161/17)<br>കൺവീനർ-സീനത്ത്.സി.എച്ച് | 50623 |
| 5 | ആനക്കുഴി-ഹിപ്പിക്കവല-മല്ലക്കുളം റോഡ് (49/17) | 103305 |
| 6 | തുരുമ്പി മഞ്ഞുമല തോട്ടപ്പള്ളി റോഡ് റീ ടാറിംഗ്<br>(63/17) | 42872 |
| 7 | ആശാൻകവല പാലയംകുന്ന് തുരുമ്പി റോഡ് ടാറിംഗ്(64/17) | 109918 |
| 8 | പാറ്റാക്കുളം മൈലംപെട്ടി റോഡ് ടാറിംഗ്(72/17) | 93495 |
| 9 | നൂലിട്ടാമല കരാമരം തട്ട് റോഡ് ടാറിംഗ് (74/17) | 43441 |
| 10 | കനകക്കുന്ന് കോട്ടചോല റോഡ് ടാറിംഗ് (78/17) | 54959 |
| 11 | കുടിയാൻമല കോട്ടചോല റോഡ് ടാറിംഗ് (79/17) | 31924 |
| 12 | പുറഞ്ഞാൺ കോളനി റോഡ് ടാറിംഗ് (91/17) | 69891 |
| 13 | വെള്ളാട് തേർമല ഹിപ്പിക്കവല റോഡ് റീ ടാറിംഗ് (93/17) | 61571 |
| 14 | പാലയം കുന്ന് -തുരുമ്പി -മൈലംപെട്ടി റോഡ് ടാറിംഗ്<br>(201/17) | 14932 |
| 15 | നരയങ്കല്ലിട്ട് കരാമരം തട്ട് റോഡ് റീ ടാറിംഗ് (75/17) | 98969 |
| | | 1058444 |

**1-42-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ ശേഷം ഉപേക്ഷിച്ച പ്രവൃത്തികൾ-കൺവീനർമാരിൽ നിന്നും തുക പലിശസഹിതം തിരിച്ച് പിടിക്കുന്നതിൽ ഗുരുതരവീഴ്ച.**

2016-17 വാർഷികപദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വിവിധ റോഡ് നിർമ്മാണപ്രവൃത്തികൾക്കായി മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങിയ ശേഷം ഇതുവരെയായി പ്രവൃത്തികൾ ആരംഭിക്കാത്ത ഗുണഭോക്തൃസമിതി കൺവീനർമാരുടെ വിവരം ചുവടെ കൊടുക്കുന്നു.

(ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങിയ ശേഷം ഇതുവരെയായി പ്രവൃത്തികൾ ആരംഭിക്കാത്ത ഗുണഭോക്തൃസമിതി കൺവീനർമാർ ഉണ്ടോയെന്ന് വിശദമായ പരിശോധന നടത്തേണ്ടതുണ്ട്).

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര്,നമ്പർ/ കൺവീനറുടെ പേര് | മൊബിലൈസേഷൻ അഡ്വാൻസായി അനുവദിച്ച തുക | അഡ്വാൻസ് അനുവദിച്ച തീയതി | പ്രവൃത്തിക്ക് വേണ്ടി അനുവദിച്ചിരുന്ന ബിറ്റുമിന്റെ വില |
|---|---|---|---|---|
| 1 | മുന്നൂർ കൊച്ചിപാലം മമ്പറത്ത് കവല കണ്ണംകുളം റോഡ് ടാറിംഗ് & ക്രോസ് ഡ്രെയിനേജ്.(76/17)<br>കൺവീനർ-ബിജു.എം.സി | 1,00,000 | 21-03-2017 | 75365 |
| 2 | മുന്നൂർ കൊച്ചിപാലം നെല്ലം കുഴിത്തോട് കരാമരം തട്ട് റോഡ് റീടാറിംഗ് (77/17)<br>കൺവീനർ-വർക്കി.എൻ.ജെ | 1,00,000 | 21-03-2017 | 163738 |
| 3 | ബാലവാടി നാഗത്തൊടി അമ്പലം റോഡ് ടാറിംഗ് (108/17) കൺവീനർ-പ്രഭാകരൻ.പി.പി | 56,5591 | 21-03-2017 | 43441 |
| 4 | ഉത്തൂർ-കണ്ണാടിപ്പാറ റോഡ് റീ ടാറിംഗ് (161/17) കൺവീനർ-സീനത്ത്.സി.എച്ച് | 3400 | 21-03-2017 | 50623 |

2018-19 വാർഷികപദ്ധതികൾ വരെ സ്പിൽ ഓവറായി തുടർന്ന മേൽ സൂചിപ്പിച്ച പ്രവൃത്തികളെല്ലാം തന്നെ 2019-2020 വാർഷികപദ്ധതി മുതൽ ഒഴിവാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണവകുപ്പിന്റെ 10703/ഡി പി 1/03/തസ്വഭവ സർക്കുലർ പ്രകാരം ജനകീയാസൂത്രണപദ്ധതിയിൻ കീഴിൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിലേക്ക് അഡ്വാൻസ് തുക കൈപ്പറ്റിയിട്ട് എഗ്രിമെന്റിൽ പറഞ്ഞ തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീയാക്കാതെ മുടക്കം വരുത്തിയിട്ടുള്ള മേൽ സൂചിപ്പിച്ച ഗുണഭോക്തൃസമിതി കൺവീനർമാരിൽ നിന്നും നൽകിയ തുക 12 ശതമാനം പലിശ സഹിതം തിരിച്ച് പിടിക്കേണ്ടതും ആയതിന് സാധ്യമാകാത്ത പക്ഷം റിക്കവറി നടപടികൾ ആരംഭിക്കേണ്ടതുമാണ്. റവന്യൂ റിക്കവറി നടപടികൾ മുഖേന തുക തിരിച്ച് പിടിക്കുമ്പോൾ 18%നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.തുക തിരിച്ച് പിടിക്കുന്നതിനുള്ള അടിയന്തിരനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-42-3 2019-20 വർഷത്തിലെ റോഡ് വികസന പ്രവർത്തനങ്ങൾക്ക് ബിറ്റുമിൻ ഉപയോഗിക്കാമെന്ന ഭരണസമിതി തീരുമാനം നടപ്പിലാക്കിയില്ല.

2019-20 വർഷത്തിലെ റോഡ് വികസന പ്രവർത്തനങ്ങൾക്ക് ബിറ്റുമിൻ ഉപയോഗിക്കാമെന്ന ഭരണസമിതി തീരുമാനം നടപ്പിലാക്കിയില്ല.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11-11-2019 തീയതിയിലെ യോഗത്തിലെ അജണ്ട-4 തീരുമാനം-1 ഇപ്രകാരമാണ് .

2016-17 വർഷം പഞ്ചായത്തിലെ റോഡ് പ്രവർത്തികൾ നടത്തുന്നതിന് ഗുണഭോക്തൃ കമ്മിറ്റിയെയാണ് ഏൽപിച്ചിരുന്നത്. പഞ്ചായത്ത് ടാർ വാങ്ങി ഏൽപ്പിച്ചു. എന്നാൽ യഥാസമയം റോഡ് പ്രവൃത്തികൾ പൂർത്തികരിക്കുവാൻ സാധിച്ചില്ല. ഗുണഭോക്തൃ കമ്മിറ്റികൾ ഏറ്റെടുത്ത ടാർ ഉൾപ്പെടേയുള്ള മെറ്റീരിയലുകൾ പഞ്ചായത്ത് കോംപൌണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഗുണഭോക്തൃ കമ്മിറ്റി ചെയർമാൻ/കൺവീനർ മാരിൽ നിന്നും പഞ്ചായത്തിനെ തിരിച്ചേൽപിക്കുന്നതിന് അപേക്ഷകൾ വാങ്ങി പ്രസ്തുത മെറ്റീരിയലുകൾ 2019-20 വർഷത്തിലെ

റോഡ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാനും എൽ എസ് ജി ഡി എക്സിക്യൂട്ടിവ് എൻജിനിയറെ വിവരം അറിയിക്കുവാനും തീരുമാനിച്ചു.

എന്നാൽ പ്രസ്തുത തീരുമാനം അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിനെ അറിയിച്ചിട്ടില്ലെന്ന് നിലവിലെ അസിസ്റ്റന്റ് എൻജിനീയർ അറിയിക്കുകയുണ്ടായി.

## 1-42-4 2016-17 സാമ്പത്തിക വർഷത്തിലെ 6 പ്രവൃത്തികൾ 2020-21 വർഷത്തിലും സ്പിൽ ഓവറായി തുടരുന്നു

2016-17 സാമ്പത്തിക വർഷത്തിലെ 6 പ്രവൃത്തികൾ 2020-21 വർഷത്തിലും സ്പിൽ ഓവറായി തുടരുന്നുണ്ട്. ഇതു സംബന്ധിച്ച ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26-08-2019 തീയതിയിലെ യോഗത്തിലെ അജണ്ട-7 തീരുമാനം-1 ഇപ്രകാരമാണ് .

2016-17 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന 6 പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിരുന്നു 1. നടുവിൽ പടിഞ്ഞാറ് ഓർക്കയം റോഡ് സോളിങ്ങ് 2. ഉടുമ്പുംചീത്ത ജ്യോതിപുരം റോഡ് സോളിങ്ങ് 3. കണിയൻചാൽ ചീത്തപ്പാറ റോഡ് ടാറിങ്ങും സോളിങ്ങും 4. പൊതിവച്ച തട്ട് - നൂലിട്ടാമല റോഡ് ടാറിംഗ് 5. നരിയമ്മാവ് - മണ്ണംകുണ്ട് റോഡ് സോളിങ്ങും ടാറിങ്ങും 6. മാവുംചാൽ - കൊരണ്ടക്കാട്ട് കവല റോഡ്റീടാറിങ്ങ് 2016 - 17 വർഷത്തിൽ പ്രവൃത്തികൾ പൂർത്തിയാകാത്തതിനാൽ, 2017-18ലും തുടർന്ന് 2018-19 ലും സ്പിൽ ഓവറായി തുടരുകയും 2018-19ൽ എല്ലാപ്രവൃത്തികളും പൂർത്തികരിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതി ബില്ല് സമർപ്പിച്ചെങ്കിലും എഗ്രിമെൻറ് പുതുക്കിയിട്ടില്ല എന്ന കാരണത്താൽ നിർവ്വഹണോദ്യോഗസ്ഥൻ തുക അനുവദിച്ച നൽകിയില്ല. ആയതുമായി ബന്ധപ്പെട്ട് താഴെപറയും പ്രകാരം തീരുമാനിച്ചു. റോ മെറ്റിരിയൽ ലഭിക്കുന്നതിന് താമസം നേരിട്ടതിനാലാണ് പ്രവൃത്തി എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തികരിക്കാൻ കഴിയാതെ വന്നത്. മെറ്റീരിയൽ കോസ്റ്റിലുണ്ടായ വർദ്ധന മൂലം എസ്റ്റിമേറ്റ് കോസ്റ്റിന് പ്രവൃത്തി പൂർത്തീയാക്കാൻ സാധിക്കില്ല എന്നറിയാമായിരുന്നെങ്കിലും പ്രവൃത്തിക്കാവശ്യമായ ടാർ അഡ്വാൻസായി നൽകിയിരുന്നതിനാൽ പ്രവൃത്തി പൂർത്തിയാക്കാതിരിക്കുന്നതിന് കഴിയുമായിരുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായി വന്ന അധിക തുക മറ്റു മാർഗങ്ങളിലൂടെ ഗുണഭോക്തൃ സമിതി തന്നെ കണ്ടേത്തുകയായിരുന്നു എന്ന വിവരം ഭരണസമിതിക്ക് ബോധ്യപ്പെട്ടു. ഈ ബിൽ തുക ലഭിക്കാത്തതിനാൽ ഗുണഭോക്തൃ കമ്മിറ്റികൾ വലിയ ബാധ്യത നേരിടുന്നതായും ബോധ്യപ്പെട്ടു. എഗ്രിമെൻറ് പുതുക്കുന്നത് സംബന്ധിച്ച് ഗുണഭോക്തൃ സമിതിക്ക് അറിവില്ലാതിരുന്നതിനാലാണ് എഗ്രിമെൻറ് പുതുക്കാതിരുന്നതെന്നും മനഃപൂർവ്വമായ കാലതാമസമല്ല ഉണ്ടായത് എന്നതിനാലും കൂടുതലായി ചെലവായ തുക അതാത് ഗുണഭോക്തൃ കമ്മിറ്റികൾ തന്നെ കണ്ടെത്തിയതിനാലും ബന്ധപ്പെട്ട കമ്മിറ്റികൾക്ക് ഇപ്പോൾ തന്നെ വലിയ സാമ്പത്തിക ബാധ്യത ഉണ്ടെന്നതിനാലും ഭരണസമിതിയുടെ ഉത്തരവാദിത്തത്തിൽ ഫൈൻ ഒഴിവാക്കി നൽകുന്നതിനും ആയത് ഒഴിവാക്കി ബിൽ തുക നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു. മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ കരാർ കാലാവധി കഴിഞ്ഞതിനാൽ ഫൈൻ ഒഴിവാക്കി കിട്ടുന്നതിന് സർക്കാരിലേക്ക് അപേക്ഷ നൽകി കാത്തിരിക്കുകയാണ് ഗ്രാമപഞ്ചായത്ത്.പ്രസ്തുത പ്രവൃത്തികൾ 2020-21 വർഷത്തിലും സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രവൃത്തിക്കാവശ്യമായ ബിറ്റുമിൻ ഗ്രാമപഞ്ചായത്തിൽ നിന്നും ഏറ്റുവാങ്ങുകയും ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ നിന്നും കൊണ്ട് പോകുകയും പ്രവൃത്തി പൂർത്തീകരിക്കാത്ത കൺവീനർമാർമാരുടെ വിവരം ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിക്കാവശ്യമായ ബിറ്റുമിൻ ഗ്രാമപഞ്ചായത്തിൽ നിന്നും ഏറ്റുവാങ്ങിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ നിന്നും കൊണ്ട് പോകാതെയിരുന്ന കൺവീനർമാർമാരുടെ വിവരവും ലഭ്യമാക്കിയിട്ടില്ല.

## 1-43 പൊതുമരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളിലൊന്നിലും തന്നെ പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകളില്ല.പൊതുമരാമത്ത് പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.ഖണ്ഡിക 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.ഖണ്ഡിക 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക,

പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലൊന്നിലും തന്നെ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.2020-21വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനട്സിലും മോണിറ്ററിംഗ് സംബന്ധിച്ച് ഒരു ചർച്ചയും നടന്നിട്ടില്ല.പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രം പ്രൊജക്ട് ഫയലിൽ ചേർത്തിട്ടില്ല.സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.കാഷ് ബുക്ക് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -2

## 2-1 മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തു നികുതി നിർണ്ണയത്തിനുള്ള ഏരിയ കണക്കാക്കിയതിലെ പിഴവ് -163848/- രൂപയുടെ നഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന 11 മൊബൈൽ, ടെലഫോൺ ടവറുകൾക്ക് 2019-20 വർഷം മുതൽ വസ്തു നികുതി (ചതുരശ്രമീറ്ററിന് 400 രൂപ നിരക്കിൽ) ചുമത്തിയിട്ടുണ്ട്. മൊബൈൽ ടെലിഫോൺ ടവറുകളുടെ നികുതി നിർണ്ണയം നടത്തുമ്പോൾ ടവർ സ്പാൻ ഏരിയ കൂടി ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയം നടത്തേണ്ടത്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന മൊബൈൽ ടെലിഫോൺ ടവറുകളുടെ നികുതി നിർണ്ണയം നടത്തിയപ്പോൾ ടവർ സ്പാൻ ഏരിയ ഉൾപ്പെടുത്താതെ ഷെൽട്ടർ, സെക്യൂരിറ്റി റൂം, ഡി ജി റൂം എന്നിവ മാത്രം ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയം നടത്തിയത്. നികുതി നിർണ്ണയത്തിലെ അപാകങ്ങൾ മൂലം പഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിലുണ്ടായ നഷ്ടത്തിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പേര് | ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ച തീയ്യതി | വാർഡ് നമ്പർ/ കെട്ടിട നമ്പർ | പെർമിറ്റ് നമ്പർ/ തീയ്യതി | കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ വിസ്തീർണ്ണം/ 2020-21 ൽ ഈടാക്കിയ നികുതി | ഒക്കുപ്പൻസി നൽകി വസ്തുനികുതി നിർണ്ണയത്തിന് കണക്കാക്കിയ വിസ്തീർണ്ണം, വാർഷിക വസ്തു നികുതി | വസ്തുനികുതി നിർണ്ണയത്തിന് ഉൾപ്പെടുത്താത്ത വിസ്തീർണ്ണം, വാർഷിക വസ്തു നികുതി | കുറവ് |
|---|---|---|---|---|---|---|---|
| മാനേജർ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | ലഭ്യമല്ല | VII /166B | BA250/08-09, 5-11-2008 | 62.63 ച മീ 10255/- | 27.13 ച മീ 10255/- (27.13x400 =10852 10%ഇളവ് -1085 ആകെ =9767/- 5% സെസ്- 488) | 35.5ച മീ 13419/- (35.5x400 =14200 10%ഇളവ് -1420 ആകെ =12780 5% സെസ്- 639) | 13419 |
| | 2-2-2008 | I/914 A | A4-1449/07, 26-7-2007 | 83.13 ച മീ 9138/- | 18.13 ച.മീ, 9139/- (18.13x400 =7252 20% വർദ്ധനവ് =1450 ആകെ =8703 | 65ച മീ 32760 /- (65x400 =26000 20%വർദ്ധനവ്=5200 ആകെ =31200 5% സെസ്- 1560) | 32760 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 5% സെസ്- 436) | | |
| ലഭ്യമല്ല | V /65 C | 200/07-08 /1-1-08 | 84.83 ച മീ 9450/- | 25ച.മീ 9450/- (25x400 =10000 10%ഇളവ് -1000 ആകെ =9000 5% സെസ്- 1077) | 59.83ച.മീ 22616/- (59.83x400 =23932 10%ഇളവ് -2393 ആകെ =21539 5% സെസ്- 1077) | 22616 |
| 7-6-2010 | IX /452 A | BA 295/09-10 /7-1-2010 | 52.8ച മീ 11365/- | 22.55ച മീ 11366/- (22.55x400 =9020 20% വർദ്ധനവ് =1804 ആകെ =10824 5% സെസ്- 541) | 30.25ച മീ 15246 /- (30.25x400 =12100 20%വർദ്ധനവ് =2420 ആകെ =14520 5% സെസ്- 726) | 15246 |
| 1-8-2008 | XII /161B | 242/07-08 ,6-2-08 | 68ച മീ 9742/- | 25.77ച മീ 9742/- (25.77x400 =10308 10%ഇളവ് -1031 ആകെ =9278 5% സെസ്- 464) | 42.23ച മീ 15963/- (42.23x400 =16892 10%ഇളവ് -1689 ആകെ =15203 5% സെസ്- 760) | 15963 |
| ലഭ്യമല്ല | XIV /362 B | A3-5273 /10 , 16-7-2011 | 21.6ച മീ 9138/- | 18.13ച മീ 9139/- (18.13x400 =7252 20%വർദ്ധനവ് =1450 ആകെ =8703 5% സെസ്- 436) | 3.47ച മീ 1749 /- (3.47x400 =1388 20%വർദ്ധനവ്=278 ആകെ = 1666 5% സെസ്- 83) | 1749 |
| 2-2-2008 | XIV/288A | A4-885/07 ,26-7-07 | 57.82ച മീ 10836/- | 21.5ച മീ 10836/- (21.5x400 =8600 20% വർദ്ധനവ് =1720 | 36.32ച മീ 18306 /- (36.32x400 =14528 20%വർദ്ധനവ്=2906 ആകെ =17434 5% സെസ്-872) | 18306 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ആകെ<br>=10320<br>5%<br>സെസ്-516) | | |
| | 18-10-2011 | XV/294B | 131/11 ,10-2-2011 | 39.6ച മീ<br>8245/- | 21.81ച മീ<br>8245/-<br>(21.81x400<br>=8724<br>10%ഇളവ്<br>-872<br>ആകെ =7852<br>5% സെസ്-<br>393 | 17.79ച മീ<br>6724/-<br>(17.79x400 =7116<br>10%ഇളവ് -712<br>ആകെ =6404<br>5% സെസ്- 320) | 6724 |
| | ലഭ്യമല്ല | XIX/547A | BA<br>52/2009<br>,13-5-2008 | 72.23ച മീ<br>8694/- | 23ച മീ<br>8694/-<br>(23x400<br>=9200<br>10%ഇളവ്<br>-920<br>ആകെ =8280<br>5% സെസ്-<br>414) | 49.23ച മീ<br>18610/-<br>(49.23x400 =19692<br>10%ഇളവ് -1969<br>ആകെ =17723<br>5% സെസ്- 887) | 18610 |
| ജനറൽ മാനേജർ ബി എസ് എൻ എൽ | 29-7-2008 | XII /360A | A445 /07<br>,14-5-2007 | 29.51ച മീ<br>9450/- | 22.75ച മീ<br>7644/-<br>(22.75x400<br>=9100<br>20%ഇളവ്<br>-1820<br>ആകെ =7280<br>5% സെസ്-<br>364) | 6.76ച മീ<br>2272/-<br>(6.76x400 =2704<br>20%ഇളവ് -541<br>ആകെ =2163<br>5% സെസ്- 109) | 2272 |
| എസ്സാർ ടെലക്കോം ടവർ &ഇൻഫ്രാസ്റ്റക്ച്ചർ ലിമിറ്റഡ് | 21-5-2009 | V /65 G | BA260/08-09 ,20-11-2008 | 67.81ച മീ<br>7644/- | 25ച മീ<br>9450/-<br>(25x400<br>=10000<br>10%ഇളവ്<br>-1000<br>ആകെ<br>=9000<br>5% സെസ്-<br>450) | 42.81ച മീ<br>16183/-<br>(42.81x400 =17124<br>10%ഇളവ് -1712<br>ആകെ =15412<br>5% സെസ്- 771) | 16183 |
| ആകെ | | | | | | | 163848 |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം നികുതി നിർണ്ണയം നടത്തിയ മേൽസൂചിപ്പിച്ച മൊബൈൽ ടെലഫോൺ ടവറുകളുടെ ഏരിയ കണക്കാക്കിയതിലെ പിഴവുമൂലം 2020-21 സാമ്പത്തികവർഷത്തിൽ ഗ്രാമപഞ്ചായത്തിന് 163848/- രൂപ വരുമാനനഷ്ടമുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (AE-9/2019-20,18-8-21)ന് ലഭ്യമാക്കിയ മറുപടിയിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനുണ്ടായ വരുമാനനഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് - 2850/- രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം 204ാം വകുപ്പ് ,1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകത കാണുന്നു.

1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -2850/- രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന സെന്റ് ജോസഫ് ഹോസ്പിറ്റൽ, കുരുവഞ്ചാലിലെ ജീവനക്കാരുടെ രണ്ട് അർദ്ധവർഷങ്ങളിലും (ഒന്നാം അർദ്ധവർഷം – രസീത് നം. 120010101265 തീ. 03.09.2020, രണ്ടാം അർദ്ധവർഷം- രസീത് നം. 12001010531 1 തീ. 19.02.2021). തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു. വിശദവിവരം ചുവടെ.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്, തസ്തിക | ആകെ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | ബീന വിജയൻ, നെഴ്സിംഗ് അസിസ്റ്റന്റ് | 65250/- (ഒന്നാം അർദ്ധവർഷം) | 600 | 450 | 150 |
| | | 65250 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 2 | അന്നമ്മ തോമസ്, നെഴ്സിംഗ് അസിസ്റ്റന്റ് | 65250 (ഒന്നാം അർദ്ധവർഷം) | 600 | 450 | 150 |
| | | 65250 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 3 | സിനി അഗസ്റ്റ്യൻ,സ്റ്റാഫ് നെഴ്സ് | 65250 (ഒന്നാം അർദ്ധവർഷം) | 600 | 450 | 150 |
| | | 65250 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 4 | സീമാമണി ,ടൈപ്പിസ്റ്റ് | 60150 (ഒന്നാം അർദ്ധവർഷം) | 600 | 450 | 150 |
| | | 60150 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 5 | സിനി തോമസ്,സ്റ്റാഫ് നെഴ്സ് | 65250 (ഒന്നാംഅർദ്ധവർഷം) | 600 | 450 | 150 |
| | | 65250 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 6 | ജൂലി ജോഷി,സ്റ്റാഫ് നെഴ്സ് | 65250 (ഒന്നാംഅർദ്ധവർഷം) | 600 | 450 | 150 |
| | | 65250 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 7 | നീതു മോൾ ,സ്റ്റാഫ് നെഴ്സ് | 65250 (ഒന്നാംഅർദ്ധവർഷം) | 600 | 450 | 150 |

| | | | | | |
|---|---|---|---|---|---|
| 8 | സാലി സെബാസ്റ്റ്യൻ ,സ്റ്റാഫ് നെഴ്സ് | 65250 (ഒന്നാംഅർദ്ധവർഷം) | 600 | 450 | 150 |
| | | 65250 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 9 | ദീപ ശിവൻ ,സ്റ്റാഫ് നെഴ്സ് | 65250 (ഒന്നാംഅർദ്ധവർഷം) | 600 | 450 | 150 |
| | | 65250 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| 10 | ബെന്നി ,ബില്ലിംഗ് | 60150 (ഒന്നാംഅർദ്ധവർഷം) | 600 | 450 | 150 |
| | | 60150 (രണ്ടാംഅർദ്ധവർഷം) | 600 | 450 | 150 |
| | ആകെ | | | | 2850 |

2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന കാരുണ്യാശ്രമം ആയുർവേദപ്രകൃതി ചികിത്സകേന്ദ്രം, പൈതൽ മല എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകി ഈടാക്കിയിട്ടില്ല.

3) 2020 -21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

4) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന 6 ക്വാറികളിലെ തൊഴിലാളികളിൽ നിന്നും, മൈനിംഗ് മേറ്റ് / ബ്ലാസ്റ്റർ,മൈനിംഗ് മാനേജർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.AE-NO -13/20-21, 13-2-21) ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞവരിൽ നിന്നും കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

## 2-3 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്-₹483 വരവു നഷ്ടം

2019 ലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ,ചട്ടം 9 പ്രകാരം 150m2 വരെ Built-Up Area ഉള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീയുടെ 50% ഈടാക്കിയാൽ മതി. എന്നാൽ നിലവിലുള്ള കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുമ്പോൾ ആകെയുള്ള Built-Up Area(Existing+Proposed) ,150m2 ന മുകളിൽ ആണെങ്കിൽ കൂട്ടിച്ചേർത്ത ഭാഗത്തിന് മുഴുവനായും പെർമിറ്റ് ഫീ വാങ്ങേണ്ടതാണ്.എന്നാൽ താഴെപ്പറയുന്ന കൂട്ടിച്ചേർക്കുന്നതിനുള്ള അപേക്ഷകളിൽ ആകെയുള്ള Permit Area(Existing+Proposed) കണക്കാക്കാതെയാണ് അപേക്ഷകളിൽ പെർമിറ്റ് ഫീ ഈടാക്കിയിരിക്കുന്നത്.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേര് | പെർമിറ്റ് തിയതി | Build Up Area | ഈടാക്കിയ പെർമിറ്റ് ഫീസ് | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | 86 | ബീന സി.പി. | 30.12.20 | Existing-87.25m2 Proposed-70.81m2 Total-158.06m2 | ₹248 (3043/6.1.20) | ₹496 70.81*7=495.67/ | ₹248 |
| 2 | 92 | രാജേഷ് എം | 30.10.20 | Existing-81.48m2 Proposed-75.86m2 | ₹296 (2080/30.10.20) | ₹531 75.86*7=531.02/- | ₹235 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | Total-157.34m2 | | | |
| | | | | | | ആകെ | 483 |

നഷ്ടം വന്ന ₹483 ഈടാക്കേണ്ടതാണ്. വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ഒ എഫ് സി ഇൻസ്റ്റലേഷൻ -റെസ്റ്റോറേഷൻ ചെയ്യേണ്ട റോഡിന്റെ നീളം കണക്കാക്കിയതിലെ അപാകത-2,96,876/- രൂപയുടെ വരുമാനനഷ്ടം.

ഫയൽ നമ്പർ-എ1/2833/2020

നടുവിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ റോഡ് കട്ട് ചെയ്ത് ഒ.എഫ്.സി സ്ഥാപിക്കുന്നതിന് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, കൊച്ചി സമർപ്പിച്ച 15-07-2020തീയതിയിലെ അപേക്ഷ പരിഗണിച്ച് റോഡ് കട്ട് ചെയ്യുന്നതിന് അനുമതി നൽകുകയും അസിസ്റ്റന്റ് എൻജിനീയർ നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ റെസ്റ്റോറേഷൻ ചാർജ് 1043418 രൂപ (രസീത് നം,120010500011/23-09-2020) ഒടുക്കിയിട്ടുമുണ്ട്.റിലയൻസ് ഇൻഫോകോം നൽകിയ എസ്റ്റിമേറ്റിലെ റോഡിന്റെ നീളത്തിലും കുറഞ്ഞ നീളത്തിലാണ് താഴെപ്പറയുന്ന രണ്ട് റോഡുകൾ കട്ട് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് അസിസ്റ്റന്റ് എൻജിനീയർ തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുള്ളത്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| റോഡിന്റെ പേര് | റിലയൻസ് നൽകിയ എസ്റ്റിമേറ്റിലെ റോഡിന്റെ നീളം | AE തയ്യാറാക്കിയ എസ്റ്റിമേറ്റിലെ റോഡിന്റെ നീളം / വിസ്തീർണ്ണം | കുറവ് നീളം /വിസ്തീർണ്ണം |
|---|---|---|---|
| താഴത്തങ്ങാടി അടയ്ക്ക ഗോഡൗൺ-പള്ളിക്കവല റോഡ് Berm Cutting-Rate 359.85/M2 | 2500 മീറ്റർ | 1900മീറ്റർ 1X1900X0.5X1.5=1425m2 | 600 മീറ്റർ 1X600X0.5X1.5=450m2 |
| വെള്ളാട് പാലം-വെള്ളാട് അമ്പലം റോഡ് Berm Cutting-Rate 359.85/M2 | 800മീറ്റർ | 300മീറ്റർ 1X300X0.5X1.5=225m2 | 500 മീറ്റർ 1X500X0.5X1.5=375m2 |
| ആകെ കുറവ് | | | 825 M2 |

മേൽ സൂചിപ്പിച്ച പ്രകാരം നീളത്തിൽ കുറവ് വരാനുണ്ടായ കാരണം രേഖകൾ സഹിതം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് ,കൊച്ചി സമർപ്പിച്ച എസ്റ്റിമേറ്റിലും കുറഞ്ഞ അളവിൽ മേൽ സൂചിപ്പിച്ച രണ്ട് റോഡുകൾ കട്ട് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകിയതിനാൽ താഴെപ്പറയും പ്രകാരം വരുമാനനഷ്ടമുണ്ടായിട്ടുണ്ട്.

| | |
|---|---|
| Berm Cutting-Rate | 359.85/M2 |
| വരുമാനനഷ്ടം | 825m$^2$x359.85= 2,96,876രൂപ |

റോഡ്-റെസ്റ്റോറേഷൻ ചാർജിനത്തിൽ വരുമാനനഷ്ടമുണ്ടായത് സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കാത്ത പക്ഷം 2,96,876/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. റെസ്റ്റോറേഷൻ ചാർജ്ജിന് കണക്കാക്കിയ റോഡിന്റെ നീളം റിലയൻസ് നൽകിയ എസ്റ്റിമേറ്റിലെ റോഡിന്റെ നീളത്തേക്കാളും കുറവ് വന്നത് സംബന്ധിച്ചും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

### 3-1 തുരുമ്പി മഞ്ഞുമല റോഡ് ടാറിംഗ് റീ ടാറിംഗ്-ടെണ്ടർ ബിലോ കുറവ് ചെയ്തില്ല-39787 രൂപ കരാറുകാരന് അധികം തുക നൽകി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ | SO 249/21, (133/20) |
| പ്രൊജക്ടിന്റെ പേര് | തുരുമ്പി മഞ്ഞുമല റോഡ് ടാറിംഗ് റീ ടാറിംഗ് |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്-5,00,000 |
| ചെലവ് തുക | 4,94,935 രൂപ |
| വൗച്ചർ നമ്പർ,തീയതി/ തുക | 71/20-21 തീയതി 09-02-2021 -4,94,935 രൂപ |
| കരാറുകാരന്റെ പേര് | സജീർ.ടി.എം.വി |
| ക്വാട്ട് ചെയ്ത നിരക്ക് | 408524.35 (With Out Taxes) (8% Below Estimate Rate ) |
| എം.ബുക്ക് നമ്പർ | 34/2019-20 |

പ്രസ്തുത പ്രവൃത്തി ശ്രീ സജീർ.ടി.എം.വി 8% Below Estimate Rate നിരക്കിലാണ് ക്വാട്ട് ചെയ്തിട്ടുള്ളത്.എന്നാൽ ആകെ പ്രവൃത്തി മൂല്യത്തിൽ (444048) നിന്നും 8% കുറവ് ചെയ്യാതെ തുക അനുവദിച്ചതിനാൽ 39787 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | കൊടുത്ത തുക | കൊടുക്കാവുന്ന തുക | അധികമായി കൊടുത്ത തുക |
|---|---|---|---|
| Value Of Work Done | 444048 | 444048 | - |
| Deduct 8% Tender Below | 0 | 35524 | |
| Deduct Cost Of Empty | 2142 | 2142 | - |

| | | | |
|---|---|---|---|
| Barrel (21 X238) | | | |
| Total | 441906 | 406382 | 35524 |
| Add 12% GSTCompensation | 53029 | 48766 | 4263 |
| Total | 494935 | 455148 | 39787 |

കരാറുകാരന് അധികം നൽകിയ 39787 രൂപ ഈടാക്കേണ്ടതാണ്.

## 3-2 നടുവിൽ സ്കൂൾ തോയാട് വിളക്കന്നൂർ റോഡ് ടാറിംഗ് പ്രവർത്തി-കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ വീഴ്ച-ഗ്രാമപഞ്ചായത്തിന് 16,409 രൂപയുടെ അധികചെലവ്.

നടുവിൽ സ്കൂൾ തോയാട് വിളക്കന്നൂർ റോഡ് ടാറിംഗ് പ്രവർത്തിയിൽ 21-10-2020ന് നടന്ന ടെണ്ടറിൽ മൂന്ന് ടെണ്ടറുകളാണ് ലഭിച്ചത് .വിശദവിവരം ചുവടെ കൊടുക്കുന്നു.

| കരാറുകാര്ന്റെ പേര് | ടെണ്ടർ നിരക്ക് | നിരക്ക് |
|---|---|---|
| സണ്ണി ജോസഫ് | 4ശതമാനം കുറഞ്ഞ നിരക്കിൽ | 257012 |
| അനിൽകുമാർ.പി.ബി | 9.99 ശതമാനം കുറഞ്ഞ നിരക്കിൽ | 240982 |
| സജി സെബാസ്റ്റ്യൻ | 9.999ശതമാനം കുറഞ്ഞ നിരക്കിൽ | 240959 |

മേൽ സൂചിപ്പിച്ച പട്ടിക പ്രകാരം ശ്രീ സജി സെബാസ്റ്റ്യൻ ആണ് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നൽകിയിട്ടുള്ളത്.കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാതെ, രണ്ട് കരാറുകാർ ഒരേ നിരക്കിലുള്ള ടെണ്ടറാണ് ക്വാട്ട് ചെയ്തിട്ടുള്ളതെന്നും ആയതിനാൽ മേൽ പ്രവൃത്തിയുടെ ടെണ്ടർ ഒരിക്കൽ കൂടി സമർപ്പിക്കണമെന്നും ആവശ്യപ്പെട്ട് കൊണ്ട് കരാറുകാരായ അനിൽകുമാർ.പി.ബി,സജി സെബാസ്റ്റ്യൻ എന്നിവർക്ക് ടെണ്ടർ ചെയ്യാൻ ഉദ്ദേശിക്കുന്ന തുക അടങ്ങുന്ന കത്ത് ഒരു കവറിൽ സീൽ ചെയ്ത് സമർപ്പിക്കുന്നതിന് 22-10-2020തീയതി 3 മണി വരെ സമയം അനുവദിച്ച് അസിസ്റ്റന്റ് എൻജിനീയർ കത്ത് നൽകുകയുണ്ടായി.പ്രസ്തുത കത്തിന്റെയടിസ്ഥാനത്തിൽ കരാറുകാർ നൽകിയ ഓഫറിന്റെ (തീയതി രേഖപ്പെടുത്തിയിട്ടില്ല) വിശദവിവരം ചുവടെ കൊടുക്കുന്നു.

| കരാറുകാര്ന്റെ പേര് | ടെണ്ടർ നിരക്ക് |
|---|---|
| | |
| അനിൽകുമാർ.പി.ബി | 4.5ശതമാനം കുറഞ്ഞ നിരക്കിൽ |
| സജി സെബാസ്റ്റ്യൻ | 5ശതമാനം ഉയർന്ന നിരക്കിൽ |

ഇത് പ്രകാരം കരാറുകാർ ആദ്യം നൽകിയ ടെണ്ടറിൽ വലിയ കുറവ് വരുത്തിയാണ് ഓഫർ കത്ത് നൽകിയിരിക്കുന്നത്.1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ ചട്ടം 10 (14) പ്രകാരം ഏതൊരു പൊതുമരാമത്ത് പണിക്കും ഉപചട്ടം-14 ന് വിധേയമായി ഏറ്റവും കുറഞ്ഞ നിരക്ക് കാണിച്ചിട്ടുള്ള ടെണ്ടറാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.രണ്ടിലധികമുള്ള ദശാംശസംഖ്യ ഒഴിവാക്കിയാണ് ഒരേ നിരക്കിൽ ടെണ്ടർ ലഭിച്ചതായി കണക്കാക്കിയതെങ്കിൽ നറുക്കെടുപ്പ് രീതി അവംലബിച്ചാണ് കരാറുകാരനെ നിശ്ചയിക്കേണ്ടിയിരുന്നത്.എന്നാൽ പ്രസ്തുതനടപടി ക്രമങ്ങൾ പാലിക്കാതെ ടെണ്ടർ ചെയ്യാൻ ഉദ്ദേശിക്കുന്ന തുക രേഖപ്പെടുത്തിയ കത്ത് കരാറുകാരിൽ നിന്ന് പ്രത്യേകമായി സ്വീകരിച്ച് ടെണ്ടർ നിരക്ക് കണക്കാക്കിയ രീതി അംഗീകരിക്കുന്നില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| പ്രൊജക്ടിന്റെ പേര്/നമ്പർ | നടുവിൽ സ്കൂൾ തോയാട് വിളക്കന്നൂർ റോഡ് ടാറിംഗ് , SO-96/21 |
| അടങ്കൽ തുക | 3,00,000 ( ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| എസ്റ്റിമേറ്റ് തുക (ടെണ്ടറിന് കണക്കാക്കിയത് ) | 267729 |
| ചെലവ് തുക | 285030 |

| | | | |
|---|---|---|---|
| വൗച്ചർ നമ്പർ,തീയതി/ തുക | 84/2020-21 തീയതി 24-02-2021 | | |
| കരാറുകാരന്റെ പേര് | അനിൽകുമാർ.പി.ബി | | |
| ക്വാട്ട് ചെയ്ത നിരക്ക് | 4.5% കുറഞ്ഞ നിരക്ക് | | |
| എം.ബുക്ക് നമ്പർ | 19/2020-21 | | |
| ബിൽ തുക കണക്കാക്കിയതിന്റെ വിവരം. | 267729 | Total Value Of Work Done | 267729 |
| | | (-) Tender Below | 12048 |
| | | (-) Cost Of Empty Barrel (5x238) | 1190 |
| | | | 254491 |
| | | (+)GST Compensation 12% | 30539 |
| | | | 285030 |
| ബിൽ തുക | 285030 | | |
| കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിച്ചാൽ കണക്കാക്കേണ്ടിയിരുന്ന ബിൽ തുക | Total Value Of Work Done | 267729 | |
| | (-) Tender Below 9.999 | 26770 | |
| | (-) Cost Of Empty Barrel (5x238) | 1190 | |
| | | 239769 | |
| | (+)GST Compensation 12% | 28772 | |
| | | 268541 | |
| | 268541 | | |
| അധികചെലവ് | 16,409 | | |

നടപടിക്രമങ്ങളിലെ വീഴ്ച മൂലം ഗ്രാമപഞ്ചായത്തിനുണ്ടായ 16,409 രൂപയുടെ അധികചെലവ് ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 09.08.21മുതൽ 10.08.21 വരെ | നം. കെ.എസ്.എ/കെ.എൻ.ആർ/ സി13/ 951/21 തീയ്യതി- 29.10.2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത്,കണ്ണൂർ | 2020-21 | 1230761 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി (എസ്.ടി) - ഭവനനിർമ്മാണം | 1230761 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | | | (SOപ്രൊജക്ട് നമ്പർ-230/21) | | |
| | | 1500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രൊജക്ട് നമ്പർ-23/21) | 1500000 | 0 |
| | | 1281360 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (SOപ്രൊജക്ട് നമ്പർ-171/21) | 1281360 | 0 |
| | | 125000 | മിനി ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് (പ്രൊജക്ട് നമ്പർ-222/21) | 125000 | 0 |
| | | 51000 | പച്ചക്കറികൃഷിക്ക് കൂലി ചെലവ് (പ്രൊജക്ട് നമ്പർ-223/21) | 51000 | 0 |
| | | 20000 | തരിശുഭൂമിയിൽ പച്ചക്കറികൃഷി (പ്രൊജക്ട് നമ്പർ-226/21) | 20000 | 0 |
| | | 447693 | ഗൃഹകേന്ദ്രീകൃത സാന്ത്വന പരിചരണം (SOപ്രൊജക്ട് നമ്പർ-170/21) | 447693 | 0 |
| | | 4655814 | | 4655814 | 0 |
| ബ്ലോക്ക് പഞ്ചായത്ത്,തളിപ്പറമ്പ് ആകെ | 2020-21 | 391550 | ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (പ്രൊജക്ട് നമ്പർ-105/21) | 391550 | 0 |
| | | 450000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രൊജക്ട് നമ്പർ-23/21) | 450000 | 0 |
| | | 250000 | കാർഷിക സ്വയംപര്യാപ്ത ഗ്രാമങ്ങൾ (പ്രൊജക്ട് നമ്പർ-133/21) | 250000 | |
| | | 61200 | കരനെൽകൃഷി (പ്രൊജക്ട് നമ്പർ-227/21) | 61200 | |
| | | 1059239 | ലൈഫ് മിഷൻ പാർപ്പിടപദ്ധതി (എസ്.ടി) - ഭവനനിർമ്മാണം (SOപ്രൊജക്ട് നമ്പർ-230/21) | 1059239 | |
| | | 260000 | ലൈഫ് ഭവനപദ്ധതി -ജനറൽ (പ്രൊജക്ട് നമ്പർ-276/21) | 260000 | |
| | | 2471989 | | 2471989 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെല വഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ് .ഇ. ബി | 6,9,15,19 വാർഡുകളിൽ | ട്രഷറി റഫറൻസ് നം.20190952006501170570 | 887318 | 0 | 887318 |

| | | | | | |
|---|---|---|---|---|---|
| | സ്ലീറ്റ് ലൈൻ വലിക്കൽ (പ്രൊ.നം.259/21) | തീയതി 27-02-2021 | | | |
| ആകെ | | | 887318 | 0 | 887318 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.എന്നാൽ മുൻവർഷങ്ങളിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ ശേഷം പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിലുണ്ട്.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ വായ്പ / വായ്പ തിരിച്ചടവിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | സർക്കാർ അനുമതി ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ വായ്പ തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ.(സാ.ധ) 1005/2010 തസ്വഭവ തീയതി 24-03-2010 | 17900000 | 13987 | 0 | 13987 | 0 | 0 | 13987 |
| ലൈഫ് ഭവന പദ്ധതി | പരിശോധനക്ക് ലഭിച്ചിട്ടില്ല | | 14367344 | 4049 | 14371393 | 848393 | 0 | 13523000 |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയ ആളുടെ പേര് / ഉദ്യോഗ പേര് | രശീത് നമ്പർ / തീയ്യതി |
|---|---|---|---|---|
| 2018-19 | 1-12 | 1000 | ജോബി | 120010101581 ,28-9-2020 |
| 2018-19 | 1-12 | 1000 | എ ജെ മാത്യു | 120010101582 ,28-9-2020 |
| ആകെ 2000 | | | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-2(A) | 1999-2000 | | കൃഷി ഓഫീസർ-ബി ഫണ്ട്-അധികം സബ്സിഡി തുക 26884 രൂപ അധികചെലവ്. | അധികം അനുവദിച്ച സബ്സിഡി തുക 26884 രൂപ റവന്യൂ റിക്കവറി നടപടികൾ മുഖേന ഈടാക്കിയിട്ടുണ്ട്. |
| 2010-11 | 2-14 | 2007-08 | 3-5 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-ഊർജ്ജസുരക്ഷാമിഷനിൽ നിക്ഷേപിച്ച തുക ഉപയോഗപ്രദമായിട്ടില്ല. | നിർവഹണ ഏജൻസിയായ അനർട്ട് തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. |
| | | | | | |
| 2016-17 | 2-1 അനുബന്ധം-3 | 2013-14,2014-15 | 2-1 | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. | തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. |
| ---ടി--- | 2-1 അനുബന്ധം-4 | 2013-14,2014-15 | 2-3 | തൊഴിൽ നികുതി പിരിവ്-അപാകങ്ങൾ | അപാകങ്ങൾ പരിഹരിച്ചിട്ടുണ്ട്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 96435950 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 93720151 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 464057 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 56196 |
| | | |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2523003 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-3 (1-13) | 483 | | കെ.ദിനേശൻ,സെക്രട്ടറി |
| 2-4 (1-14) | 296876 | | കെ.ദിനേശൻ,സെക്രട്ടറി |
| 2-1 (1-11) | 163848 | | കെ.ദിനേശൻ,സെക്രട്ടറി |
| 2-2 (1-12) | 2850 | | കെ.ദിനേശൻ,സെക്രട്ടറി |
| 3-1 (1-39) | | 39787 | അനിൽകുമാർ.പി.പി, അസിസ്റ്റന്റ് എൻജിനീയർ |
| 3-3 (1-40) | | 16409 | അനിൽകുമാർ.പി.പി, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 464057 | 56196 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 887318 | കെ.ദിനേശൻ,സെക്രട്ടറി |
| 1-18 | 394589 | കെ.ദിനേശൻ,സെക്രട്ടറി |
| 1-19 | 698293 | കെ.ദിനേശൻ,സെക്രട്ടറി |
| 1-20 | 223342 | കെ.ദിനേശൻ,സെക്രട്ടറി |
| 1-21 | 60000 | കെ.ദിനേശൻ,സെക്രട്ടറി |
| 1-29 | 14400 | അശോകൻ എം.എം, അസിസ്റ്റന്റ് സെക്രട്ടറി |
| 1-31 | 245061 | അശോകൻ.എം.എം.അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 2523003 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-14,1-16,1-42 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.ദിനേശൻ,സെക്രട്ടറി | സെക്രട്ടറി,<br>നടുവിൽ ഗ്രാമപഞ്ചായത്ത്, കണ്ണൂർ. | ഉഷ ഭവൻ,<br>എളയാവൂർ,<br>വാരം(പി.ഒ),<br>കണ്ണൂർ-670594 |
| അശോകൻ.എം.എം. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,പടിയൂർ ഗ്രാമപഞ്ചായത്ത്,കണ്ണൂർ. | കുന്നോത്ത് ഹൗസ്,<br>കൊശവൻ വയൽ(പി.ഒ),<br>കണ്ണൂർ |
| അനിൽകുമാർ.പി.പി,<br>അസിസ്റ്റന്റ് എൻജിനീയർ | അനിൽകുമാർ.പി.പി,<br>അസിസ്റ്റന്റ് എൻജിനീയർ,<br>എൽ എസ് ജി ഡി സെക്ഷൻ, നടുവിൽ ഗ്രാമപഞ്ചായത്ത്. | പുതിയ പുരയിൽ ഹൗസ്,<br>മാങ്ങാട്,<br>കല്ല്യാശ്ശേരി (പി.ഒ),<br>കണ്ണൂർ. |

(എഫ്)ഓഡിറ്റ് എൻക്വയറികൾ പ്രകാരം തിരിച്ചടച്ച തുകകളുടെ വിവരം.

| എൻക്വയറി നമ്പർ | വിഷയം | അടവാക്കിയ തുക | രസീത് നം.തീയതി, അടവാക്കിയ വ്യക്തിയുടെ പേര് |
|---|---|---|---|
| 3 | FTE&OS ലൈസൻസ് ഫീസ് ചുമത്തുന്നതിലെ അപാകത | 1000 | 121010101068/13-08-2021<br>ജോസ് കഞ്ഞമല,കരുവഞ്ചാൽ |
| 8 | കനകക്കുന്ന് കോട്ടചോല റോഡ് ടാറിംഗ്-കരാറുകാരന് അധിക തുക നൽകി | 2488 | 121010101109/തീയതി 24-08-2021<br>സജി സെബാസ്റ്റ്യൻ,കോൺട്രാക്ടർ |
| 9 | മണ്ടളം-വേങ്കുന്ന് ബൈപ്പാസ് റോഡ് ടാറിംഗ്-ബിൽ തയ്യാറാക്കിയതിലെ പിഴവുകൾ-കരാറുകാരന് അധികതുക നൽകി | 8111 | 121010101108/24-08-2021<br>എൻ.സി കുര്യാക്കോസ്,കോൺട്രാക്ടർ |

| | | | |
|---|---|---|---|
| 10 | പ്ലാപ്പാടി -അംബേദ്കർ കോളനി റോഡ്- Tender Below Percentage ബില്ലിൽ നിന്നും കുറവ് ചെയ്തില്ല. | 1168 | 121010101093/24-08-2021<br>സെബാസ്റ്റ്യൻ.വി.പി,കോൺട്രാക്ടർ |
| 11 | നടുവിൽ-ഉത്തൂർ കണ്ണാടിപ്പാറ റോഡ്-ജി എസ് ടി ഈടാക്കിയതിലെ കുറവ് | 1029 | 121010101094/24-08-2021<br>സണ്ണി ജോസഫ് ,കോൺട്രാക്ടർ |
| ആകെ | | 13796 | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1998-99 | കെ എസ് എ /കെ എൻ ആർ/സി 13-747/19 തീയതി 28.05.19 | 2 | 28, 31 |
| 1999-2000 | -----ടി---- | 1 | 3-2(A) |
| 2000-01 | -----ടി---- | 2 | 5,7 |
| 2005-06 | -----ടി---- | 4 | 2-3,3-3,3-5,3-9 |
| 2006-07 | -----ടി---- | 7 | 2-1,2-2,3-1,3-2,3-3, 3-4,3-5, 3-8 |
| 2007-08 | -----ടി---- | 7 | 2-1,2-2,3-1,3-2,3-3, 3-4,3-5 |
| 2008-09,2009-10,<br>2010-11 | -----ടി---- | 15 | 2-4(B),2-5,2-6,3-2, 3-4,3-5,3-6,3-10, 3-11,3-12,3-14,3-15,<br>3-17,3-19,3-21 |
| 2011-12<br>2012-13 | -----ടി---- | 16 | 2-2,2-3,3-1,3-5,3-6,<br>3-7,3-8,3-9,3-15,<br>3-16,3-18,3-20,3-21,<br>3-22,3-23,3-24 |
| 2013-14<br>2014-15 | -----ടി---- | 13 | 2-5,3-1,3-2,3-3,3-4,<br>3-6,3-11,3-13,3-14,<br>3-16,3-18,3-20,3-21 |
| 2015-16 | -----ടി---- | 13 | 2-2,2-3,2-4, 2-5,2-6,3-1, 3-4,3-5,3-6,3-8,3-9,3-10,3-11 |
| 2016-17 | -----ടി---- | 17 | 2-1,2-2,2-4,2-5,2-6, 2-7,2-8,2-9,2-10, 3-1,3-3,3-5,3-6,3-7,3- |

| | | | |
|---|---|---|---|
| | | | 8,<br>3-9,3-10 |
| 2017-18 | കെ എസ് എ /കെ എൻ ആർ/സി 13/1245/19 തീ.9.10.19 | 17 | 1-11,1-12,2-5,2-7,3-1,<br>3-2,3-3,3-5,3-6,3-8,3-9(1),(2),3-12,3-13,3-14,3-15,<br>3-17,3-18 |
| 2018-19 | കെ എസ് എ /കെ എൻ ആർ/സി 13/870/20 തീയതി 13-11-20 | 17 | 1-11,1-12(2),1-13(2),1-14,<br>1-15,1-16,1-18,1-20,<br>1-23,1-24,1-25,<br>1-26,1-28,1-29,1-30,<br>1-31,1-32 |
| 2019-20 | കെ എസ് എ /കെ എൻ ആർ/സി 13/950/21 | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ല ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ നടുവില് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ നടുവില് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3-1

# RECEIPT & PAYMENT STATEMENT

| | | | |
|---|---|---|---|
| NADUVIL GRAMA PANCHAYATH<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 22695657 |
| Cash | Cash | RP-40(a) | 0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1096860 |
| 130000000 | Rental income from Panchayat Properties | RP-3 | 33000 |
| 140000000 | Fees & User Charges | RP-4 | 1868058 |
| 150000000 | Sale & Hire Charges | RP-5 | 69224 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 80545617 |
| 171000000 | Interest Earned | RP-9 | 467015 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7203619 |
| 350000000 | Other Liabilities | RP-36 | 299228 |
| | Non Operating | | |
| 180000000 | Other Income | RP-10 | 8866 |
| 311000000 | Earmarked Funds | RP-29 | 1332 |
| 330000000 | Secured Loans | RP-32 | 4049 |
| 340000000 | Deposits Received | RP-34 | 229800 |
| 350000000 | Other Liabilities | RP-36 | 230572 |
| 431000000 | Sundry Debtors (Receivables) | RP-43 | 4378710 |
| | Grand total | | 119131607 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3320921 |
| 220000000 | Administrative Expenses | RP-12 | 1108632 |
| 230000000 | Operations & Maintenance | RP-13 | 1246525 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 9468901 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 26952599 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3475279 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 805158 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 330520 |
| 255000000 | Maintenance Projects | RP-20 | 16423768 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 13250 |
| 280000000 | Prior Period item | RP-26 | -3800 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 133962 |
| 350000000 | Other Liabilities | RP-36 | 5566612 |
| NON OPERATING | | | |
| | | | |
| 240000000 | Interest & Finance Charges | RP-14 | 1932 |
| 272000000 | Depreciation | RP-25 | 2100 |
| 280000000 | Prior Period Items | RP-26 | -39910 |
| 340000000 | Deposits Received | RP-34 | 145482 |
| 350000000 | Other Liabilities | RP-36 | 2067154 |
| 410000000 | Fixed Assets | RP-38 | 17916196 |
| 412000000 | Capital work in Progress | RP-40 | 812842 |
| 431000000 | Sundry Debtors(Receivables) | RP-43 | 2735288 |
| 460000000 | Loans, Advances and Deposits | RP-47 | 1236740 |
| CLOSING BALANCE | | | |
| Bank | Bank | RP-40(b) | 25371816 |
| Cash | Cash | RP-40(b) | 39640 |
| | GRANT TOTAL | | 119131607 |

## അനുബന്ധം 3-2

## INCOME & EXPENDITURE STATEMENT

| NADUVIL GRAMA PANCHAYATH<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5313790 |
| 130000000 | Rental Income from Panchayat Properties | I-3 | 33000 |
| 140000000 | Fees & User Charges | I-4(b) | 2079608 |
| 150000000 | Sale & Hire Charges | I-5(b) | 69224 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 204865298 |
| 171000000 | Interest Earned | I-8 | 467015 |
| 180000000 | Other Income | I-9 | 8866 |
| A | Total Income | | |
| | | | |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12365625 |
| 220000000 | Administrative Expenses | I-11(b) | 1109139 |
| 230000000 | Operations & Maintenance | I-12(b) | 1246018 |
| 240000000 | Interest & Finance Charges | I-13 | 1932 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10221901 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 74596835 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4228901 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 805158 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 73772720 |
| 255000000 | Maintenance Projects | I-14(e) | 16423768 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 13250 |
| 272000000 | Depreciation | I-17(a) | 16521110 |
| B | Total Expenditure | | 211306357 |
| C=A-B | Gross Surplus/ Deficit of income over Expenditure | | 1530444 |
| D=280000000 | Prior Period Item | I-18 | (123244) |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items.<br>Transfer to Reserve Funds | | 1653688 |
| | Net balance being surplus/deficit carried over to Balance sheet(Panchayath Fund) | | |

ഡെപ്യൂട്ടി ഡയരക്ടർ

## അനുബന്ധം 3-3
## BALANCE SHEET

| | | | |
|---|---|---|---|
| NADUVIL GRAMA PANCHAYATH<br>BALANCE SHEET | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 20492813.18 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 22253 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 83583013 |
| | Total Reserve & Surplus | | 104098079.18 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6034086.57 |
| | Total Grants, Contributions for Specific Purposes | | 6034086.57 |
| | Loans | | |
| 330000000 | Secured Loans | B-5 | 13536987 |
| | Total Loans | | 13536987 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 204863.25 |
| 341000000 | Deposit Works | B-8 | 0 |
| 350000000 | Other Liabilities | B-9 | 2744257 |
| 360000000 | Provisions | B-10 | 0 |
| | Total Current Liabilities and Provisions | | 2949120.25 |
| | TOTAL LIABILITIES | | 126618273 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 138816889 |
| 411000000 | Accumulated Depreciation | B-11 | (40766356) |
| 412000000 | Capital Work in Progress | B-11(a) | 0 |
| | Total Fixed Assets | | 98050533 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0 |
| 431000000 | Sundry Debtors (Receivables) | B-15 | 2756477 |
| 440000000 | Pre-paid Expenses | B-16 | 13987 |
| 450000000 | Cash and Bank Balance | B-17 | 25411456 |
| 460000000 | Loans, Advances and Deposits | B-18 | 385820 |
| | Total Current Assets, Loans and Advances | | 28567740 |
| | TOTAL ASSETS | | 126618273 |

ഡെപ്യൂട്ടി ഡയറക്ടർ